2023
JUNE
16
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## തെറ്റിദ്ധരിപ്പിച്ചുള്ള കച്ചവടം വേണ്ടെന്ന് ഇന്റർനെറ്റ് കമ്പനികളോട് കേന്ദ്രം




**ന്യൂഡൽഹി:** ആളുകളെ തെറ്റിദ്ധരിപ്പിച്ച് വിവിധ സേവനങ്ങളും ഉൽപന്നങ്ങളും വിൽക്കുന്ന 'ഡാർക് പാറ്റേൺ' രീതി നിയന്ത്രിക്കണമെന്ന് കേന്ദ്രം ഇന്റർനെറ്റ് കമ്പനികളോട് ആവശ്യപ്പെട്ടു. ഇ കൊമേഴ്സ് സൈറ്റുകളിലും മറ്റും സാധനം വാങ്ങുമ്പോൾ പല തരത്തിലുള്ള തെറ്റിദ്ധരിപ്പിക്കൽ നടക്കുന്നതായി കേന്ദ്ര ഉപഭോക്തൃ മന്ത്രാലയം വിലയിരുത്തി. ഗൂഗിൾ, ഫ്ലിപ്കാർട്ട്, ആമസോൺ, ഫെയ്സ്ബുക്, യൂബർ, ഒല, ബിഗ് ബാസ്ക്കറ്റ്, മീഷോ അടക്കമുള്ള കമ്പനികളുടെ പ്രതിനിധികൾ മന്ത്രാലയം വിളിച്ച യോഗത്തിൽ പങ്കെടുത്തു. വിഷയത്തിൽ സ്വയം നിയന്ത്രണ സംവിധാനം ഏർപ്പെടുത്തണമെന്നാണ് നിർദേശം. തെറ്റിദ്ധരിപ്പിക്കലിലൂടെ ഉപയോക്താവിൽ നിന്ന് നേടിയെടുക്കുന്ന സമ്മതം യഥാർഥ സമ്മതമല്ലെന്ന് ഉപഭോക്തൃ മന്ത്രാലയം സെക്രട്ടറി രോഹിത് കുമാർ സിങ് പറഞ്ഞു.

ഇ കൊമേഴ്സ് സൈറ്റുകളിലോ ടിക്കറ്റ് ബുക്കിങ് സൈറ്റുകളിലോ പരതുമ്പോൾ 'ടിക്കറ്റ്/ ഉൽപന്നം 2 എണ്ണം മാത്രമേ ബാക്കിയുള്ളൂ, വേഗം ബുക്ക് ചെയ്യൂ' എന്ന തരത്തിലുള്ള വ്യാജ അറിയിപ്പുകൾ ഡാർക് പാറ്റേണിന് ഉദാഹരണമാണ്. ഉൽപന്നങ്ങൾ കാർട്ടിലേക്ക് ചേർക്കുമ്പോൾ ഉപയോക്താവിന്റെ അനുമതിയില്ലാതെ അനുബന്ധ ഉൽപന്നങ്ങൾ കമ്പനി തനിയെ ചേർക്കുന്ന രീതിയും ഇതിന്റെ പരിധിയിൽ വരും. നിശ്ചിത സേവനം ലഭിക്കാൻ നിർബന്ധമായും സൈൻ അപ് ചെയ്യണമെന്ന വ്യവസ്ഥ, വാർത്തയെന്നു തോന്നിപ്പിക്കുന്ന പരസ്യങ്ങൾ, ഹിഡൻ ചാർജുകൾ തുടങ്ങിയവയൊക്കെ ഡാർക് പാറ്റേണുകളുടെ ഉദാഹരണമാണ്.



## സമുദ്രോൽപന്ന കയറ്റുമതിയിൽ വൻ കുതിപ്പ്

**കൊച്ചി:** രാജ്യത്തു നിന്ന് 202223 സാമ്പത്തിക വർഷത്തിൽ 63,969.14 കോടി രൂപ മൂല്യമുള്ള 17,35,286 ടൺ സമുദ്രോൽപന്നങ്ങൾ കയറ്റുമതി ചെയ്തു. അളവിലും മൂല്യത്തിലും എക്കാലത്തെയും ഉയർന്ന കയറ്റുമതിയാണിത്. ശീതീകരിച്ച ചെമ്മീൻ കയറ്റുമതിയിൽ പ്രധാന ഇനമായി തുടരുമ്പോഴും വനാമി ചെമ്മീന്റെ പ്രിയം കുറഞ്ഞു. ഇന്ത്യൻ സമുദ്രോൽപന്നങ്ങളുടെ പ്രധാന വിപണികൾ അമേരിക്കയും ചൈനയുമാണ്.

സമുദ്രോൽപന്ന കയറ്റുമതി അളവിൽ 26.73%, രൂപയുടെ മൂല്യത്തിൽ 11.08% എന്നിങ്ങനെ വളർച്ചയുണ്ട്. 202122 സാമ്പത്തികവർഷത്തിൽ ഇന്ത്യ 13,69,264 ടൺ സമുദ്രോൽപന്നങ്ങളാണു കയറ്റുമതി ചെയ്തത്.

43,135.58 കോടി രൂപ നേടിയ ശീതീകരിച്ച ചെമ്മീൻ, സമുദ്രോൽപന്ന കയറ്റുമതിയിലെ ഏറ്റവും പ്രധാന ഇനമായി. രൂപയുടെ മൂല്യത്തിൽ 1.01% വർധനയാണുണ്ടായത്.കാര ചെമ്മീന്റെ കയറ്റുമതി അളവ് 74.06% വർധിച്ചു. അതേസമയം, വനാമി ചെമ്മീൻ കയറ്റുമതി മുൻ വർഷത്തെ അപേക്ഷിച്ച് 8.11% ഇടിഞ്ഞു.രണ്ടാമത്തെ മികച്ച കയറ്റുമതി ഉൽപന്നമായ ശീതീകരിച്ച മത്സ്യം കയറ്റുമതിയുടെ അളവ് 62.65% കൂടി.

യുഎസ്എ ആണ് ഇന്ത്യൻ സമുദ്രോൽപന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാർ.

ഡോളർ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 32.52% വിഹിതം. ചൈന, യൂറോപ്യൻ യൂണിയൻ, തെക്കുകിഴക്കൻ ഏഷ്യ, ജപ്പാൻ എന്നിവരാണു തുടർന്നുള്ള സ്ഥാനങ്ങളിൽ. മധ്യ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി അളവിൽ 32.95% വർധനയുണ്ട്.

## ചൈനയിൽ തൊഴിലില്ല; തൊഴിലില്ലായ്മ നിരക്ക് മേയിൽ 20.8%



**ബെയ്ജിങ്** : ചൈനയിലെ ദുർബലമായ സാമ്പത്തിക റിപ്പോർട്ടുകൾക്കു പിന്നാലെ, തൊഴിലില്ലായ്മയും വർധിക്കുന്നതായി റിപ്പോർട്ടുകൾ. തുടർച്ചയായ രണ്ടാം മാസവും റെക്കോർഡ് നിരക്കിലാണ് രാജ്യത്തെ തൊഴിലില്ലായ്മ. കോവിഡ് നിയന്ത്രണങ്ങളും പണപ്പെരുപ്പവും ചൈനയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. 16 നും 24 നുമിടയിൽ പ്രായമുള്ളവരിലെ തൊഴിലില്ലായ്മ നിരക്ക് 20.8 ശതമാനമാണ്. ഏപ്രിലിലിത് 20.4 ശതമാനമായിരുന്നു. നാഷനൽ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആണ് ഇതു സംബന്ധിച്ച കണക്കുകൾ പുറത്തുവിട്ടത്.

വ്യാവസായിക ഉൽപാദനം മാർച്ചിൽ 5.6 % ഇടിഞ്ഞതിനു ശേഷം മേയിൽ 3.5% ഉയർന്നു. കോവി!ഡ് നിയന്ത്രണങ്ങൾ മാറിയതിനു ശേഷം രാജ്യത്തെ ഉൽപാദന മേഖലയിലെ തിരിച്ചു വരവാണ് നേട്ടത്തിന്റെ പ്രധാന കാരണം.

ഇതോടെ ചില്ലറ വിൽപനയിലും ഗണ്യമായ വർധനവുണ്ടായിട്ടുണ്ട്. കോവിഡിനു മുൻപത്തെ സാമ്പത്തിക സ്ഥിതിയിലേക്ക് രാജ്യം തിരിച്ചെത്തുന്നതായാണ് റിപ്പോർട്ടുകൾ. ഇതോടെ തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നാണ് കണക്കുകൂട്ടൽ.

## വിദേശ സർവീസ്: നടപടിക്രമങ്ങൾ ലളിതമാക്കി

**ന്യൂഡൽഹി:** ഇന്ത്യൻ വിമാന കമ്പനികൾക്ക് വിദേശ രാജ്യങ്ങളിലേക്ക് സർവീസ് നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ വ്യോമയാന ഡയറക്ടറേറ്റ് ജനറൽ (ഡിജിസിഎ) ലളിതമാക്കി. വിദേശത്തേക്കു സർവീസ് നടത്താൻ കമ്പനിക്കുള്ള ശേഷി അളക്കുന്നതിലെ മാനദണ്ഡങ്ങളിലാണ് ഇളവ്. അനുമതി ലഭിക്കാൻ കമ്പനി സമർപ്പിക്കേണ്ട രേഖകളുടെ എണ്ണവും കുറച്ചിട്ടുണ്ട്. അനുമതിക്കായി മുൻപ് 33 കാര്യങ്ങൾ നോക്കിയിരുന്നത് പത്തായി കുറച്ചതായി ഡിജിസിഎ അറിയിച്ചു.



# ടേക്ക് എ ബ്രേക്ക് പദ്ധതി: പ്രഖ്യാപിച്ചത് 68 കേന്ദ്രങ്ങൾ, നിർമാണം പൂർത്തിയായത് 30

**കൊല്ലം:** വഴിയാത്രികർക്കായി പാതയോരങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെ വിശ്രമ കേന്ദ്രമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ജില്ലയിൽ പൂർണമായത് ലക്ഷ്യമിട്ടതിന്റെ പകുതിയോളം കേന്ദ്രങ്ങൾ. 68 കേന്ദ്രങ്ങൾ പ്രഖ്യാപിച്ചതിൽ 30 എണ്ണത്തിന്റെ നിർമാണമാണ് പൂർത്തിയായത്. നിർമാണം നടക്കുന്നതും സ്ഥലം കണ്ടെത്താൻ കഴിയാത്തതും ഉദ്ഘാടനം നടക്കാനുള്ളതും പ്രവർത്തനം ആരംഭിക്കാത്തതുമായ ടേക്ക് എ ബ്രേക്കുകൾ ജില്ലയിലുണ്ട്.കൊല്ലം കോർപറേഷൻ ആണ്ടാമുക്കത്ത് തുടങ്ങിയ ടേക്ക് എ ബ്രേക്ക് ഇതുവരെ ജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല.




ചിന്നക്കടയിലെ വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമാണം നിലച്ചിട്ട് വർഷങ്ങളായി. ആദിച്ചനല്ലൂർ പഞ്ചായത്തിൽ കുമ്മല്ലൂരിലെ ടേക്ക് എ ബ്രേക്കിന് 6 മാസം മുൻപ് കെട്ടിടം നിർമിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല. മയ്യനാട് പഞ്ചായത്തിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലാണ് ആരംഭിക്കാത്തത്. തൃക്കോവിൽവട്ടം പഞ്ചായത്തിൽ സംവിധാനം ആരംഭിച്ചിട്ടില്ല. ദേശീയപാതയോരത്ത് ചവറ ടൈറ്റാനിയം ജംക്ഷനു സമീപം ലക്ഷങ്ങൾ ചെലവിട്ട് സ്ഥാപിച്ച ടേക്ക് എ ബ്രേക്ക് നിലവിൽ പ്രവർത്തിക്കുന്നില്ല. ദേശീയപാത വികസനം തുടങ്ങിയതോടെയാണ് പ്രവർത്തനം നിലച്ചത്. ചാത്തന്നൂർ കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്ററിനു സമീപത്തെ ടേക്ക് എ ബ്രേക്ക് മുഖ്യമന്ത്രി പിണറായി വിജയൻ 2021 സെപ്റ്റംബർ ആദ്യവാരം ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തെങ്കിലും 2 വർഷത്തിലേറെയായി അടച്ചിട്ടിരിക്കുകയായിരുന്നു. ഒടുവിൽ നാട്ടുകാർ ഇടപെട്ട് തുറക്കുകയായിരുന്നു.

എംസി റോഡിൽ കുളക്കട പാലം ജംക്ഷനിൽ ഡിടിപിസി ടേക്ക് എ ബ്രേക്ക് നന്നായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ശുചിമുറികളിലെ ഫ്ലഷ് തകരാറിലായിട്ടു മാറ്റി സ്ഥാപിച്ചിട്ടില്ല. എംസി റോഡിൽ കുളക്കട ലക്ഷം വീട് ജംക്ഷനു സമീപം കുളക്കട പഞ്ചായത്ത് നിർമിക്കുന്ന ടേക്ക് എ ബ്രേക്ക് നിർമാണം അവസാന ഘട്ടത്തിലാണ്. ഇടമുളയ്ക്കൽ പഞ്ചായത്തിൽ ആയൂർ ടൗണിൽ എംസി റോഡിൽ തിരുവനന്തപുരം റോഡിലെ പെട്രോൾ പമ്പിനു സമീപം നടത്തുന്ന ടേക്ക് എ ബ്രേക്ക് സംവിധാനത്തിന്റെ 80% നിർമാണം പൂർത്തിയായി. കരുനാഗപ്പള്ളി നഗരസഭയിലെ ടേക് എ ബ്രേക്ക് കെട്ടിടം പണി ആരംഭിച്ചിട്ട് നാളുകളായെങ്കിലും പൂർത്തിയായിട്ടില്ല.

തഴവ ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമാണ ടെൻഡർ നടപടികളിലേക്കു കടക്കുകയാണ്. കുലശേഖരപുരം, തൊടിയൂർ ഗ്രാമ പഞ്ചായത്തുകളിൽ ടേക്ക് എ ബ്രേക്കിനു അനുയോജ്യമായ സ്ഥലം ഇനിയും ലഭിച്ചിട്ടില്ല. ഓച്ചിറ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദേശീയപാതയിൽ വലിയകുളങ്ങര നാട്ടുവാതുക്കൽ ചന്തയ്ക്ക് സമീപം ടേക്ക് ബ്രേക്ക് പദ്ധതി പ്രകാരം കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നിർമിച്ചിട്ട് ആറ് മാസം പിന്നിടുന്നു. ദേശീയപാത വികസനം നടക്കുന്നതിനാൽ ഉദ്ഘാടനം നടത്തിയിട്ടില്ല. കുന്നത്തൂർ താലൂക്കിലെ ഏഴു പഞ്ചായത്തുകളിൽ ശൂരനാട് തെക്ക് പഞ്ചായത്തിൽ മാത്രമാണ് ടേക്ക് എ ബ്രേക്ക് തുറക്കാനായത്. മൈനാഗപ്പള്ളി പഞ്ചായത്തിൽ ശാസ്താംകോട്ട കരുനാഗപ്പള്ളി പ്രധാന പാതയിലെ! തടത്തിൽ ജംക്ഷനിൽ കെട്ടിട നിർമാണം പൂർത്തീകരിച്ചു ഉദ്ഘാടനത്തിനായി മന്ത്രിയെ കാക്കുകയാണ്.

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഓച്ചിറ പഞ്ചായത്ത് ദേശീയപാതയിൽ വലിയകുളങ്ങര നാട്ടുവാതിക്കൽ ചന്തയ്ക്കു സമീപം നിർമിച്ച കെട്ടിടം. ദേശീയപാതവികസനം പൂർത്തിയാകാതെ പദ്ധതി ആരംഭിക്കാൻ സാധിക്കില്ല.

പടിഞ്ഞാറെ കല്ലട പഞ്ചായത്തിൽ കൊല്ലംതേനി ദേശീയപാതയിലെ! കടപുഴ ജംക്ഷനിൽ കെട്ടിട നിർമാണം പൂർത്തിയായിട്ടുണ്ട്. ശാസ്താംകോട്ട പഞ്ചായത്തിൽ കെഎസ്ആർടിസി മൈതാനത്ത് കെട്ടിടം നിർമിച്ചെങ്കിലും അനുബന്ധ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. ശൂരനാട് വടക്ക് പഞ്ചായത്തിൽ കൊല്ലം തേനി ദേശീയപാതയോരത്തെ ഈറ്റശേരി ചിറയ്ക്ക് സമീപം കെട്ടിടം നിർമിച്ചെങ്കിലും അനുബന്ധ ജോലികളൊന്നും നടത്തിയിട്ടില്ല. പോരുവഴി പഞ്ചായത്തിൽ ഇടയ്ക്കാട് ജംക്ഷനിൽ സ്ഥലം ഏറ്റെടുത്ത് കെട്ടിട നിർമാണം തുടങ്ങി. കുന്നത്തൂർ പഞ്ചായത്തിൽ നെടിയവിള ജംക്ഷനിൽ അടുത്തിടെ സ്ഥലമേറ്റെടുത്തെങ്കിലും കെട്ടിട നിർമാണം തുടങ്ങിയിട്ടില്ല.

കിഴക്കേ കല്ലട പഞ്ചായത്തിലെ 2 ടേക്ക് എ ബ്രേക്കുകളും പ്രവർത്തിക്കുന്നില്ല. ചന്തമുക്കിലെ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും നിർമാണം പൂർത്തിയായിട്ടില്ല. ആയുർവേദ ആശുപത്രി വളപ്പിലുള്ള കെട്ടിടം പൂട്ടിയിട്ടിരിക്കുകയാണ്. നിർമാണം പൂർത്തിയായതായി പറയുന്നുണ്ടെങ്കിലും തുറന്ന് നൽകിയിട്ടില്ല. കുണ്ടറ പഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് നിർമാണം പുരോഗമിക്കുകയാണ്. ഇളമ്പള്ളൂർ, പേരയം, കൊറ്റങ്കര പഞ്ചായത്തുകളിൽ ടേക്ക് എ ബ്രേക്ക് ഇല്ല . പുനലൂരിൽ റെയിൽവേ അടിപ്പാതയ്ക്ക് സമീപം സെന്റ് ഗൊരേറ്റി എച്ച്എസ്എസിന് മുൻവശത്തായി ടേക്ക് എ ബ്രേക്ക് സംവിധാനത്തിന് 6 മാസം മുൻപ് കെട്ടിടം നിർമിച്ചിരുന്നു. എന്നാൽ ഇലക്ട്രിക്കൽ ജോലികൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകാത്തതിനാൽ പദ്ധതി നിലച്ചിരിക്കുകയാണ്.

കുളത്തൂപ്പുഴയിലും ആര്യങ്കാവിലും ടേക് എ ബ്രേക്കുകളില്ല. തെന്മലയിൽ ഗ്രാമപ്പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിനോദ സഞ്ചാരികൾക്കു സഹായകരമായ നിലയിൽ ടേക് എ ബ്രേക്ക് ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. പത്തനാപുരം താലൂക്കിൽ ടേക്ക് എ ബ്രേക്കുകൾ ഒന്നും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. പത്തനാപുരം പഞ്ചായത്തിൽ രണ്ടെണ്ണത്തിന്റെ നിർമാണം നടക്കുന്നു. വിളക്കുടിയിൽ നിർമാണം ഉടൻ തുടങ്ങും. മറ്റു പഞ്ചായത്തുകളിൽ നടപടികളായിട്ടില്ല. വെളിയം പഞ്ചായത്തിലും ടേക്ക് എ ബ്രേക്ക് പദ്ധതി തുടങ്ങിയിട്ടില്ല.

തൃക്കരുവ പഞ്ചായത്തിലെ കാഞ്ഞാവെളി, പ്രാക്കുളം സാമ്പ്രാണിക്കോടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വെളിനല്ലൂർ ഗ്രാമപ്പഞ്ചായത്തിൽ ഓയൂർ പൊതു ചന്തയ്ക്കു സമീപവും അമ്പലംകുന്ന് ജംക്ഷനിലുമുള്ള ടേക്ക് എ ബ്രേക്കുകൾ, നെടുമ്പന പഞ്ചായത്തിൽ കുണ്ടുമൺ പാലത്തിന് സമീപം ജില്ലാ പഞ്ചായത്തുമായി ചേർന്ന് നടത്തുന്ന ടേക്ക് എ ബ്രേക്ക് എന്നിവ മികച്ച രീതിയിൽ മുന്നോട്ടു പോകുന്നു.

# കയർ ഉൽപന്നങ്ങൾ നിർമാണ പരിശീലനത്തിന് 4.80 കോടിയുടെ പദ്ധതി

**ആലപ്പുഴ:** വിപണിക്കാവശ്യമായ കയർ ഉൽപന്നങ്ങൾ നിർമിക്കാൻ തൊഴിലാളികളെ പരിശീലിപ്പിക്കാൻ 4.80 കോടിയുടെ പദ്ധതി നടപ്പാക്കുമെന്നു മന്ത്രി പി. രാജീവ്. ഇതിൽ 1 കോടി ഈ വർഷം നൽകും. ഉപകരണങ്ങൾക്കും പരിശീലകർക്കുമുള്ള പണം, തൊഴിലാളികൾക്കു സ്റ്റൈപൻഡ് എന്നിവയ്ക്കാണു തുകയെന്നും മന്ത്രി പറഞ്ഞു. പ്രശ്നങ്ങൾ പഠിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ചു ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയ്ക്കു ശേഷമാണു മന്ത്രിയുടെ പ്രതികരണം. കയറ്റുമതിക്കാർ, ചെറുകിട കയർ ഉൽപാദകർ, സംഘങ്ങൾ തുടങ്ങിയവയുമായി ചർച്ച നടത്തും.

ചകിരിയുടെ വിലയ്ക്ക് ആനുപാതികമായി കയറിന്റെയും കയർ ഭൂവസ്ത്രത്തിന്റെയും വില തീരുമാനിക്കാൻ കയർ വകുപ്പ് ഡയറക്ടർ, കയർ കോർപറേഷൻ എംഡി, കയർഫെഡ് ജനറൽ മാനേജർ എന്നിവരടങ്ങിയ സമിതിയെ നിയോഗിച്ചു. സംഘങ്ങൾക്കു പ്രവർത്തന മൂലധനത്തിനായി 6.5 കോടി രൂപ നൽകും. സംഘങ്ങളിലെ മാനേജീരിയൽ സബ്സിഡിക്കായി 2 കോടി രൂപ അനുവദിക്കും.

കയർഫെഡിനു തിരുവനന്തപുരം കോർപറേഷന്റെ 90 ലക്ഷം രൂപയുടെ ഓർഡർ കിട്ടി. ചേർത്തലയിലെ ഒരു സംഘം ലാഭകരമായെന്നും സർക്കാരിനു ലാഭവിഹിതം നൽകിയെന്നും മന്ത്രി പറഞ്ഞു. ഒരേ തറയിൽ ഒന്നിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നെന്നും സർക്കാർ ചെലവാക്കുന്നതു തൊഴിലാളിക്ക് എത്തുന്നില്ലെന്നും മന്ത്രി വിമർശിച്ചു. കയർ, ഖാദി, കൈത്തറി, ഹാൻഡിക്രാഫ്റ്റ്, ബാംബൂ മേഖലകളിലെ ഉൽപന്നങ്ങൾ വേഗത്തിൽ ഉപയോക്താവിന്റെ കൈകളിൽ എത്തിക്കാൻ പ്രത്യേക ഇ കൊമേഴ്സ് പ്ലാറ്റ്ഫോം തുടങ്ങും. കെ സ്റ്റോറുകളിൽ മേക്ക് ഇൻ കേരള ഉൽപന്നങ്ങൾ വിൽക്കാനുള്ള സാധ്യത പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.



## പനിക്കാലം: ആശുപത്രികളിൽ മരുന്നു ക്ഷാമം

**കൊല്ലം:** മഴക്കാലത്തിനൊപ്പം പനിക്കാലവും എത്തി. എലിപ്പനി, ഡെങ്കിപ്പനി മുതൽ വെറും പനി വരെ ജനങ്ങളെ വലയ്ക്കുന്നു. പനിക്കാരുടെ എണ്ണം കൂടിയതോടെ സർക്കാർ ആശുപത്രി ഉൾപ്പെടെയുള്ള ചികിത്സാ കേന്ദ്രങ്ങളിലെ തിരക്കു വർധിച്ചു. മിക്ക ആശുപത്രികളിലും പനിക്കുള്ള മരുന്നിനു ക്ഷാമം നേരിടുന്നു. കൊല്ലത്തെ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ (കെഎംഎസ്!സിഎൽ)! സംഭരണശാലയിലെ അഗ്നിബാധ മരുന്നു ക്ഷാമത്തിനു മറ്റൊരു കാരണമായി. ചികിത്സാ കേന്ദ്രങ്ങളിലെ മരുന്നുക്ഷാമത്തെ നേരിടുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള ലോക്കൽ പർച്ചേസിലൂടെയാണ്.

കുന്നത്തൂർ, കുണ്ടറ താലൂക്ക് ആശുപത്രികളിൽ മരുന്ന് ക്ഷാമത്തിനു സംഭരണശാലയിലെ അഗ്നിബാധ ഒരു കാരണമായെന്നാണ് പറയുന്നത്. പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിലും അത്യാവശ്യ മരുന്നുകളിൽ പലതും പുറത്ത് നിന്നു വാങ്ങേണ്ട ഗതികേടിലാണ് ജനങ്ങൾ. കാരുണ്യ ഉൾപ്പെടെയുള്ള പദ്ധതികൾ വഴിയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ ഉപയോഗപ്പെടുത്തിയും പ്രാദേശികമായി മരുന്നുകൾ കണ്ടെത്തിയാണ് മിക്ക ആശുപത്രികളും പ്രവർത്തിക്കുന്നത്. കൊട്ടാരക്കര മേഖലയിൽ പനി ബാധിതരുടെ എണ്ണം ഇരട്ടിയായി.

നിലവിൽ മരുന്ന് ക്ഷാമം ഇല്ലെങ്കിലും വരും ദിവസങ്ങളിൽ ഉണ്ടാകാനാണ് സാധ്യത. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ 1500ൽ ഏറെ രോഗികളാണ് ദിവസവും ചികിത്സ തേടി എത്തുന്നത്. നാലിലൊന്നും പനി, ചുമ ബാധിതരാണ്. മേഖലയിലെ സർക്കാർ ചികിത്സാകേന്ദ്രങ്ങളിൽ എത്തുന്ന പനിബാധിതരുടെ എണ്ണം കൂടുതലാണ്. പടിഞ്ഞാറേ കല്ലട കുടുംബാരോഗ്യ കേന്ദ്രത്തിൽ മരുന്നുകളുടെ ക്ഷാമം രോഗികളെ ബാധിച്ചിട്ടുണ്ട്. കുളക്കട പഞ്ചായത്തിലെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ ചുമയുടെ മരുന്നു തീരെയില്ല. വൈറൽ പനി ബാധിതർക്കു നൽകുന്ന മരുന്നിന്റെ സ്റ്റോക്ക് കുറവാണ്. പ്രമേഹം, രക്താതിസമ്മർദം തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നിനും ക്ഷാമമുണ്ട്.

പവിത്രേശ്വരം പഞ്ചായത്തിലെ എസ്എൻ പുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ വൈറൽ പനിക്കുള്ള മരുന്നിന്റെ സ്റ്റോക്ക് തീരെ പരിമിതമാണ്. ഇൻജക്ഷൻ മരുന്നുകൾക്കും ക്ഷാമമുണ്ട്. എഴുകോൺ പഞ്ചായത്തിലെ പ്ലാക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലും വൈറൽ പനി ബാധിതർക്കുള്ള മരുന്നിന്റെ സ്റ്റോക്ക് തീരെ കുറവാണ്. പാരസെറ്റമോൾ സിറപ്പിനും ക്ഷാമമുണ്ട്.ക്ലാപ്പന പഞ്ചായത്ത് വള്ളിക്കാവ് കുടുംബ ആരോഗ്യ കേന്ദ്രത്തിൽ ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നുകളും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾക്കും ക്ഷാമമുണ്ട്. മറ്റു മരുന്നുകളുണ്ട്. തൊടിയൂർ പിഎച്ച്സിയിൽ ചില സമയങ്ങളിൽ ചില മരുന്നുകൾക്ക് ക്ഷാമം നേരിടാറുണ്ടെന്നു നാട്ടുകാർ പരാതിപ്പെടുന്നു.പുനലൂർ താലൂക്ക് ആശുപത്രിയിൽ സാധാരണ പനിയുമായി എത്തുന്നവർക്കുള്ള ആന്റിബയോട്ടിക്കുകളുടെ കുറവ് ഉണ്ട്.

# ടാപ്പിങ് നിലച്ചു; റബർ തോട്ടങ്ങൾ കാടുകയറി



**മുണ്ടക്കയം:** ടാപ്പിങ് നിലച്ച തോട്ടങ്ങൾ കാടു കയറി വനം പോലെയായി. കാട്ടുപന്നി, കുറുക്കൻ തുടങ്ങി മൃഗങ്ങൾക്ക് സുഖമായി കഴിയാനും നാട്ടിൽ ഇറങ്ങി വിഹരിക്കാനുള്ള വഴിയൊരുക്കുകയാണ് ഇത്തരം സ്ഥലങ്ങൾ. 35ാം മൈലിൽ തുടങ്ങി ഏക്കർ കണക്കിന് വ്യാപിച്ച് കിടക്കുന്ന ടി.ആർ.ആൻഡ്.ടി എസ്റ്റേറ്റിൽ ഇത്തരം സ്ഥലങ്ങൾ ഏറെയാണു. ഉടമസ്ഥാവകാശം സംബന്ധിച്ച കേസ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ടാപ്പിങ് കഴിഞ്ഞ മരങ്ങൾ വെട്ടി നീക്കാൻ അനുവാദമില്ലാത്തതാണ് പ്രശ്നങ്ങൾക്ക് പ്രധാന കാരണം.

ദേശീയപാതയുടെ അരികിൽ 35ാം മൈൽ മുതൽ മരുതുംമൂട് ഭാഗം വരെ കാട് കയറി കിടക്കുന്ന തോട്ടത്തിൽ കാട്ടുപന്നികളും കുറുക്കന്മാരും ഏറെയാണെന്നു നാട്ടുകാർ പറയുന്നു. രാത്രി കാലങ്ങൾ ദേശീയപാതയിലും ഇവയുടെ ശല്യം വ്യാപകമാണ്. പയർ വള്ളികൾ നിറഞ്ഞ് നിലം കാണാത്ത രീതിയിൽ കിടക്കുന്ന സ്ഥലം ആയതിനാൽ ഇവയ്ക്ക് കൂട്ടമായി ജീവിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. കാട്ടുപന്നികൾ പെറ്റു പെരുകി വലിയ കൂട്ടമായും മാറി കഴിഞ്ഞു.

ജനവാസ മേഖലയിലേക്കും ഇവയുടെ ശല്യം വ്യാപകമായതോടെ നാട്ടുകാർ ഭീതിയിലാണ്. കുറുക്കൻ, കുറുനരി എന്നിവയുടെ ശല്യവും ഇതോടൊപ്പം വർധിക്കുന്നു. മുണ്ടക്കയം ടൗണിൽ നിന്നും 4 കിലോമീറ്റർ മാറി ജനവാസ മേഖലയിൽ വേലനിലത്ത് വീട്ടുമുറ്റത്ത് നിന്ന നാല് ആളുകൾക്കാണ് അഞ്ച് മാസം മുൻപ് കുറുനരിയുടെ ആക്രമണം ഏറ്റത്. ഇതേ രീതിയിൽ ആക്രമണം ഉണ്ടാകുമോ എന്ന് ഭയന്നാണ് കാട് കയറിയ തോട്ടങ്ങൾക്കു സമീപമുള്ള ജനവാസ മേഖലയിലെ ആളുകൾ കഴിയുന്നത്.

കുറച്ച് മാസങ്ങൾക്ക് മുൻപ് 24 ആനകൾ കൂട്ടമായി എസ്റ്റേറ്റ് മേഖലയിലേക്ക് ഇറങ്ങിയതും ഈ കാരണം കൊണ്ടുതന്നെയെന്ന് വനംവകുപ്പ് പറയുന്നു. വനത്തിൽ ഉള്ളതിലും അധികം തീറ്റ, വെള്ളം, തണുപ്പ് എന്നിവ എസ്റ്റേറ്റ് പ്രദേശങ്ങളിൽ ഉള്ളതും. കാട് കയറി വനം പോലെ കിടക്കുന്നതുമാണ് ആനകൾ ഉൾപ്പെടെ നാട്ടിൽ ഇറങ്ങാൻ കാരണമായത്. ഇത്തരം തോട്ടങ്ങളിൽ മരങ്ങൾ വെട്ടി നീക്കാൻ നടപടി സ്വീകരിക്കണം എന്നാണ് ജനങ്ങളുടെ ആവശ്യം.

# കുതിരാൻ പാലത്തിൽ വിള്ളൽ, പൊളിച്ച് നിർമാണം തുടങ്ങി



**വടക്കഞ്ചേരി:** മണ്ണുത്തി വടക്കഞ്ചേരി ദേശീയപാതയിൽ കുതിരാൻ തുരങ്കത്തിന് മുൻപിലെ പാലത്തിൽ വിള്ളൽ. പാലത്തിന്റെ ജോയിന്റുകൾ ഉള്ള ഭാഗത്താണ് വിള്ളൽ വീണത്. ഈ ഭാഗത്തെ ടാറിങ് കുത്തിപ്പൊളിച്ച് വീണ്ടും അറ്റകുറ്റപ്പണി നടത്തുകയാണ് നിർമാണക്കമ്പനി. നിർമാണ സമയത്തെ പാളിച്ചമൂലം മുൻപും പാലത്തിന്റെ പല ഭാഗങ്ങളും കുത്തിപ്പൊളിച്ച് ടാറിങ് നടത്തിയിരുന്നു. ബീമുകൾ ചേരുന്ന ഭാഗത്താണ് വിള്ളൽ വീണിരിക്കുന്നത്. കുലുക്കവും അനുഭവപ്പെടുന്നുണ്ട്. പുതിയതായി നിർമിച്ച വഴുക്കുംപാറ ഭാഗത്തെ മേൽപാലത്തിന്റെ ഭാഗങ്ങളും തകർന്നിട്ടുണ്ട്.

മഴ ശക്തമായാൽ തുരങ്കമുഖം സുരക്ഷിതമല്ലെന്ന് യാത്രക്കാർ പറഞ്ഞു. കഴിഞ്ഞ വർഷം പാലക്കാട് ഭാഗത്തുള്ള ഇടത് തുരങ്കമുഖത്തെ മലയിൽ നിന്ന് വൻപാറക്കല്ല് റോഡിൽ പതിച്ചിരുന്നു. ഈ സമയം വാഹനങ്ങൾ ഇല്ലാതിരുന്നതിനാൽ ദുരന്തം ഒഴിവായി. മുപ്പതടിയോളം ഉയരത്തിൽ നിന്നാണ് കല്ലും മണ്ണും അടർന്നു വീണത്.

കൂറ്റൻ മലയിൽ നിന്നു മഴയിൽ മണ്ണും കല്ലും അടർന്ന് വീഴാതിരിക്കാനുള്ള സംവിധാനമായി ഇരുമ്പ് വലകൾ വെച്ചിട്ടുണ്ടെങ്കിലും ഇവ സുരക്ഷിതമല്ലെന്നാണ് നാട്ടുകാർ പറയുന്നത്. ദേശീയപാതയോരത്ത് വടക്കഞ്ചേരി മുതൽ കുതിരാൻവരെ പത്തോളം സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ ഭീഷണിയുണ്ട്.

തേനിടുക്ക്, പന്നിയങ്കര സ്കൂളിന് സമീപം, ചുവട്ടുപാടം, ശങ്കരംകണ്ണൻതോട്, വാണിയമ്പാറ, കൊമ്പഴ എന്നിവിടങ്ങളിൽ ദേശീയപാതക്കായി മണ്ണെടുത്ത സ്ഥലത്താണ് മൺതിട്ടകൾ അടർന്നുവീഴുമെന്ന ഭീഷണിയുള്ളത്. പന്നിയങ്കര ടോൾ പ്ലാസയ്ക്ക് സമീപം വീടിന്റെ മുൻപിലെ മൺതിട്ട ഇടിഞ്ഞുവീഴാറായി നിൽക്കുകയാണ്.

വീട് അപകടാവസ്ഥയിലായിട്ടും അധിക!ൃതർ അനങ്ങുന്നില്ലെന്നാണ് പരാതി. ദേശീയപാത അധികൃതർ സംരക്ഷണ ഭിത്തി കെട്ടി നൽകാമെന്ന് പറഞ്ഞിരുന്നെങ്കിലും ഒന്നും നടന്നില്ല.



# പച്ചക്കറിക്ക് പൊള്ളുന്ന വില

**കൊച്ചി:** മഴ മുറുകിയതോടെ പലവ്യഞ്ജനങ്ങൾക്കൊപ്പം പച്ചക്കറിക്കും വിലക്കയറ്റം. സവോള ഒഴികെ മിക്കവാറും പച്ചക്കറിക്ക് ഒരാഴ്ചകൊണ്ടുതന്നെ വില കയറി. കാരറ്റ്, മുരിങ്ങ, തക്കാളി തുടങ്ങിയവയുടെ വില ഏതാണ്ട് ഇരട്ടിയായി. സവോളയ്ക്ക് കിലോഗ്രാമിന് 20 രൂപയാണു മൊത്തവില. കഴിഞ്ഞയാഴ്ച കാരറ്റിനു കിലോയ്ക്കു മൊത്തവില 35 രൂപയായിരുന്നത് ഇന്നലെ 65 രൂപയായി ഉയർന്നു. ഏതാനും ആഴ്ചകൾക്കു മുൻപു കാരറ്റിനു ചില്ലറ വില 20 രൂപയായിരുന്നു. മുരിങ്ങയ്ക്കയുടെ വില ഒരാഴ്ചകൊണ്ട് 40 രൂപയിൽ നിന്നു 80 രൂപയായി. ബീൻസ് 80 രൂപയായിരുന്നത് 90 ആയി. തക്കാളി വിലയിൽ കുറേ മാസങ്ങളായി വലിയ ഏറ്റക്കുറച്ചിലുകളാണ്. ഇന്നലെ വില 50 രൂപ. ഒരാഴ്ച മുൻപ് 35. ചെറിയ ഉള്ളി 65ൽ നിന്ന് 80ൽ എത്തി. വെളുത്തുള്ളി ഒരാഴ്ച മുൻപ് 100,140 രൂപയായിരുന്നത് അതേവിലയിൽ തുടരുന്നു. പച്ചമാങ്ങയ്ക്കു മൊത്ത മാർക്കറ്റിൽ വിലയുമില്ല, ആവശ്യക്കാരുമില്ല.

സ്വപ്നംകണ്ട അബുദാബി നേരിൽക്കണ്ട് കുറുംബയമ്മ; അയൽവീട്ടിലെ പോറ്റമ്മയുടെ ആഗ്രഹം നിറവേറ്റി വിദേശയാത്ര

സ്വപ്നംകണ്ട അബുദാബി നേരിൽക്കണ്ട് കുറുംബയമ്മ; അയൽവീട്ടിലെ പോറ്റമ്മയുടെ ആഗ്രഹം നിറവേറ്റി വിദേശയാത്ര

എന്നാൽ ചില്ലറ വിൽപനയിലേക്കു വരുമ്പോൾ കിലോ 50 രൂപയാണു വില. മത്തൻ വില 13ൽ നിന്ന് 24ലേക്ക് ഒറ്റച്ചാട്ടമായിരുന്നു. കുമ്പളങ്ങ മാത്രം വലിയ കയറ്റമില്ലാതെ നിൽക്കുന്നു, കഴിഞ്ഞയാഴ്ചയും ഇപ്പോഴും 12 രൂപ. നേന്ത്രക്കായ് 35 രൂപയിൽ തുടരുമ്പോൾ ഊട്ടി ബീറ്റ്റൂട്ടിനു മാത്രം വില കുറഞ്ഞു, കഴിഞ്ഞയാഴ്ച 40 രൂപയായിരുന്നത് 30 ആയി. ആ കുറവു പച്ചമുളക് തീർത്തു, 30, 35 രൂപയുണ്ടായിരുന്നത് ഒരാഴ്ചകൊണ്ട് 70, 85 രൂപയായി. ഉരുണ്ടതും നീളനുമായ വഴുതനങ്ങയ്ക്കും വില കൂടി, 60, 80 രൂപയാണു വില. മഴയാണു വില പെട്ടെന്നു കൂടാൻ കാരണമായി പറയുന്നത്. മാർക്കറ്റിൽ എത്തുന്ന പച്ചക്കറി ലോറികളുടെ എണ്ണത്തിലും കുറവുണ്ട്.

# സാമൂഹ്യനീതി വകുപ് വയോജന സർവേ നടത്തും: മന്ത്രി

**തിരുവനന്തപുരം:** സാമൂഹ്യനീതി വകുപ്പ് വയോജനങ്ങളുടെ സർവേ ഉടൻ ആരംഭിക്കുമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. ഇതിലൂടെ സംസ്ഥാനത്തെ വയോജനങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കാനാണ് ശ്രമം. എല്ലാ വീടുകളിലും ഇതിന്റെ ഭാഗമായി ആളെത്തും. വയോജനങ്ങൾക്കായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതായും മന്ത്രി പറഞ്ഞു. മുതിർന്ന പൗരൻമാരോടുള്ള അതിക്രമങ്ങൾക്ക് എതിരെയുള്ള ബോധവത്ക്കരണ ദിനാചരണം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വയോജനങ്ങളെ പരിപാലിക്കുന്ന കെയർ ഗിവർമാർക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുമെന്ന് മന്ത്രി അറിയിച്ചു. കെയർഗിവർമാർക്കായി വ്യവസ്ഥാപിത നിയമം തയ്യാറാക്കും. ഇവരെ നിയമിക്കുന്ന സ്ഥാപനങ്ങൾക്കുള്ള കൃത്യമായ മാനദണ്ഡവും നടപ്പാക്കും. വയോജനങ്ങൾക്ക് മാനസിക ഉല്ലാസം നൽകുന്നതിനായി പല തദ്ദേശസ്ഥാപനങ്ങളിലും വയോജന ക്ളബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സംവിധാനങ്ങൾ കേരളം മുഴുവൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. ചായ കുടിച്ച് ഗ്ളാസ് വലിച്ചെറിയുന്നതു പോലെ മാതാപിതാക്കൾ ഉൾപ്പെടെയുള്ള വയോജനങ്ങളെ വലിച്ചെറിയുന്ന പ്രവണത സമൂഹത്തിൽ ശക്തിപ്പെടുന്നതായി മന്ത്രി അഭിപ്രായപ്പെട്ടു. മാനവികമായ ആർദ്രതയും സ്നേഹവും ഹൃദയൈക്യവും ക്ഷയിച്ചു വരുന്ന കാലമാണിത്.

കേരളത്തിൽ സർക്കാരിന് കീഴിലുള്ള 16 വയോജന ഹോമുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയെ മാതൃകാ ഭവനം ആക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. വയോജന സേവനവും പദ്ധതികളും ഉൾക്കൊള്ളുന്ന കൈപ്പുസ്തകം മന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. ഇതോടൊപ്പം വീഡിയോ പ്രകാശനവും മന്ത്രി നിർവഹിച്ചു. ചടങ്ങിൽ ഗതാഗത മന്ത്രി അഡ്വ. ആന്റണിരാജു അധ്യക്ഷത വഹിച്ചു. സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ്, ഡയറക്ടർ ചേതൻ കുമാർ മീണ തുടങ്ങിയവർ സംബന്ധിച്ചു.

## വ്യാപാരി വ്യവസായി ഏകോപന സമിതി കെ.എസ്.ഇ.ബി ഓഫിസിലേക്ക് ഇന്ന് മാർച്ച് നടത്തും

**കൊച്ചി:** അശാസ്ത്രീയമായ വൈദ്യുതി നിർക്ക് വർധനയ്ക്കും കണക്റ്റഡ് ലോഡിന്റെ പേരിൽ വ്യാപാരികൾക്ക് അന്യായമായി പിഴ ചുമത്തുന്നതിലും പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം സെമിത്തേരി മുക്കിലെ കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറുടെ ഓഫിസിലേക്ക് ഇന്ന് മാർച്ച് നടത്തും.

സെമിത്തേരി മുക്കിൽ നിന്നും രാവിലെ 10 ന് പ്രതിഷേധ മാർച്ച് ആരംഭിക്കും. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യും. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തും. നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ പ്രസംഗിക്കും.

## സംസ്ഥാനത്ത് 1000 ആയുഷ് യോഗ ക്ലബ്ബുകൾ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 1000 ആയുഷ് യോഗ ക്ലബ്ബുകൾ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അന്താരാഷ്ട്ര യോഗദിനമായ ജൂൺ 21നാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പും നാഷണൽ ആയുഷ് മിഷനും ചേർന്ന് ആയുഷ് യോഗ ക്ലബുകൾ ആരംഭിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഒരു വാർഡിൽ ചുരുങ്ങിയത് 20 പേർക്ക് ഒരേ സമയം യോഗ പരിശീലനത്തിനുള്ള വേദി ഉറപ്പാക്കുകയും അവിടെ ആയുഷ് യോഗ ക്ലബുകൾ ആരംഭിക്കുകയും ചെയ്യും. ആദ്യഘട്ടത്തിൽ ആരംഭിക്കുന്ന യോഗ ക്ലാസുകളുടെ തുടർച്ചയായി പരമാവധി വാർഡുകളിൽ ആയുഷ് യോഗ ക്ലബുകൾ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ജീവിതശൈലിയിലുണ്ടാകുന്ന വ്യതിയാനം മൂലം വർധിക്കുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, സ്ട്രോക്ക് മുതലായവയെപ്പറ്റി കൃത്യമായ അവബോധം നൽകുന്നതിനും അവയെ പ്രതിരോധിക്കുന്നതിന് ഉതകുന്ന യോഗ പരിശീലനത്തോടു കൂടിയ ജീവിതശൈലി പ്രചരിപ്പിക്കുന്നതിനും ആയുഷ് യോഗ ക്ലബുകൾ വളരെയേറെ സഹായിക്കും. വിവിധ എൻ.ജി.ഒ.കൾ, യോഗ അസോസിയേഷനുകൾ, സ്പോർട്സ് കൗൺസിൽ എന്നിവരുടെ സഹകരണം ഉറപ്പാക്കും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമ, നഗര വ്യത്യാസങ്ങളില്ലാതെ എല്ലായിടങ്ങളിലും യോഗയുടെ സന്ദേശം എത്തിക്കുക എന്നതാണ് ലക്ഷ്യം. യോഗ ജീവിതചര്യയുടെ ഭാഗമാക്കുന്നതിന് ആയുഷ് വകുപ്പ് വലിയ പ്രാധാന്യം നൽകി വരുന്നു. ആയുഷ് വകുപ്പിന്റെ കീഴിലുള്ള 593 സ്ഥാപനങ്ങളിൽ യോഗ പരിശീലകരെ നിയമിച്ചിട്ടുണ്ട്.

## റവന്യൂ വകുപ്പിൽ പരാതി പരിഹാരം കൂടുതൽ വേഗത്തിലാക്കും: മന്ത്രി

**തിരുവനന്തപുരം:** പൊതുജനങ്ങൾക്ക് പരാതി നേരിട്ട് ബോധിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് പരാതി സമർപ്പിക്കുന്നതിനും പരിഹരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരികയാണെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. പരാതി സമർപ്പണത്തിനും പരിഹാരത്തിനുമായി റവന്യൂ വകുപ്പ് തയ്യാറാക്കിയ വെബ് പോർട്ടലിന്റെ ലോഞ്ചിംഗ് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുജനങ്ങൾക്ക് 18004255255 എന്ന ടോൾ ഫ്രീ നമ്പറിൽ ഫോണിലൂടെയും പരാതികൾ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി പരാതി സമർപ്പിക്കുന്നതിന് ഠഠഠ.ശൃറ.സലൃമഹമ.ഴീ.ശി എന്ന റവന്യൂ പോർട്ടലിൽ ഇീാുഹമശിഠ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ജില്ല, ഉദ്യോഗസ്ഥന്റെ കാര്യാലയം, എന്നിവ തിരഞ്ഞെടുത്ത് ഉദ്യോഗസ്ഥന്റെ തസ്തിക, പേര്, പരാതിയുടെ വിവരങ്ങൾ എന്നിവ നൽകിയതിന് ശേഷം പരാതി പൊതുജനങ്ങൾക്ക് സമർപ്പിക്കാം. എഴുതി തയ്യാറാക്കിയ പരാതിയോ അനുബന്ധ രേഖകളോ ഉൾപ്പെടുത്താനുള്ള സംവിധാനവും ലഭ്യമാണ്.

ഉദ്യോഗസ്ഥന്റെ തസ്തിക, പരാതിക്കാധാരമായ ഉദ്യോഗസ്ഥന്റെ പേര് എന്നിവ നൽകാതെയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിവരം തരുന്നവരുടെ പേര് വിവരങ്ങൾ ശേഖരിക്കുന്നില്ല.

പൊതുജനങ്ങളുടെ പരാതി സംസ്ഥാന തലത്തിൽ നോഡൽ ഓഫീസർമാർ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്കോ മേഖലാ റവന്യൂ വിജിലൻസ് ഡപ്യൂട്ടി കളക്ടർമാർക്കോ കൈമാറി ആവശ്യമായ നടപടികൾ സ്വീകരിക്കും. പരാതി പരിഹരിക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ജീവനക്കാരുടെ സംഘടനകളുടെ യോഗം ചേർന്നു. ഇതനുസരിച്ച് ഉദ്യോഗസ്ഥ തലത്തിൽ വിവിധ പ്രചരണ പരിപാടികളടക്കം സംഘടിപ്പിക്കും. ഒരു മാസം കുറഞ്ഞത് 500 വില്ലേജുകൾ എന്ന നിലയിൽ പരിശോധനകൾ നടത്തും.



# ആലപ്പുഴയെ സമ്പൂർണ്ണ ശുചിത്വ നഗരസഭയായി പ്രഖ്യാപിച്ചു

**ആലപ്പുഴ:** ഖരമാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണ ശുചിത്വ നഗരസഭയായി ഉയരുക എന്നത് വലിയ നേട്ടമാണെന്ന് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ്. എന്നാൽ അത് നിലനിർത്തുക വലിയ വെല്ലുവിളിയാണെന്നും ഇതിൽ അത്യന്തം ജാഗ്രത തുടരേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴ നഗരസഭ ഖരമാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണ ശുചിത്വം കൈവരിച്ചതിന്റെ പ്രഖ്യാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഈ നേട്ടം കൈവരിക്കാനായി പരിശ്രമിച്ച നഗരസഭയെയും ജനപ്രതിനിധികളെയും ഹരിത കർമ്മ സേനാംഗങ്ങളെയും ഉദ്യോഗസ്ഥരെയും ജനങ്ങളെയും മന്ത്രി അഭിനന്ദിച്ചു.

പതിറ്റാണ്ടുകളായി തുടരുന്ന ശീലവും മനോഭാവവും മാറ്റിയെടുക്കുക എളുപ്പമല്ല. ഇതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനങ്ങളും ഒറ്റക്കെട്ടായി നിൽക്കണം. ഉത്തരവാദിത്വ മാലിന്യ സംസ്കരണത്തിൽ ജാഗ്രതയും മുൻകരുതലും തുടരേണ്ടതുണ്ടെന്നും മന്ത്രി ഓർമിപ്പിച്ചു.

മാലിന്യം വലിച്ചെറിയുന്നതിനെതിരായുള്ള നിയമം വന്ന് ആദ്യഘട്ടത്തിൽ കേരളത്തിൽ ഒരു കോടി രൂപയാണ് പിഴയായി ഈടാക്കിയത്. പിഴയും ശിക്ഷയും പോലുള്ള കർശനമായ നടപടികളിലൂടെ മാത്രമേ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുവെന്നും മന്ത്രി പറഞ്ഞു. ഉത്തരവാദിത്വ മാലിന്യ സംസ്കരണം ഒരു സംസ്കാരമായി മാറണം. ഇതിനായി പുതുതലമുറയെയാണ് ഉറ്റു നോക്കുന്നത്. മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ബോധവൽക്കരണം സ്കൂളുകളിൽ ശക്തമാക്കണം. കുട്ടികളായിരിക്കണം ശുചിത്വ കേരളത്തിന്റെ സന്ദേശ വാഹകരെന്നും മന്ത്രി പറഞ്ഞു.

നിർമ്മല ഭവനം നിർമ്മല നഗരം പദ്ധതിയുടെ രണ്ടാം ഘട്ടമായാണ് അഴകോടെ ആലപ്പുഴ എന്ന പേരിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി ആവിഷ്കരിച്ചത്. നഗരത്തിലെ വലിയൊരു വിഭാഗം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സാമഗ്രികൾ സ്ഥാപിച്ചു കൊണ്ടും ഹരിത കർമ്മ സേനയുടെ വാതിൽപ്പടി ശേഖരണം പരമാവധി വീടുകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടുമാണ് ഖരമാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണ ശുചിത്വ പദവി എന്ന നേട്ടം കൈവരിക്കാൻ നഗരസഭയ്ക്ക് സാധിച്ചത്.

ആലപ്പുഴ ടൗൺഹാളിൽ നടന്ന ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനായി. എ.എം. ആരിഫ് എം.പി., പി.പി. ചിത്തരഞ്ജൻ എം.എൽ.എ. എന്നിവർ മുഖ്യാതിഥികളായി. നഗരസഭ അധ്യക്ഷ സൗമ്യ രാജ്, നഗരസഭ വൈസ് ചെയർമാൻ പി.എസ്.എം. ഹുസൈൻ, നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ബിന്ദു തോമസ്, ബീന രമേശ്, എ. ഷാനവാസ്, കെ. ബാബു, ആർ. വിനിത, കൗൺസിലർ എ.എസ്. കവിത, ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ ബി. ശ്രീബാഷ്, നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ്, നഗരസഭ സെക്രട്ടറി എ. എം. മുംതാസ് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിൽ ഹരിത കർമ്മ സേന, ആരോഗ്യ വിഭാഗം, കണ്ടിജൻസി ജീവനക്കാർ, കുടുംബശ്രീ, തൊഴിലുറപ്പ്, കില, ഐ.ഐ.ടി. ബോംബെ, ക്യാൻ അലപ്പി, ഐ.ആർ.ടി.സി, ടി.എ.ജി.എസ്. തുടങ്ങിയ സംഘടന പ്രതിനിധികളെ അനുമോദിച്ചു. ഉന്നത വിജയം കൈവരിച്ച സ്കൂളുകളെയും നാടക പ്രവർത്തകരെയും ആദരിച്ചു.

മാലിന്യങ്ങൾ നിത്യ ജീവിതത്തിൽ സൃഷ്ടിക്കുന്ന വിപത്തുകളും മാലിന്യ സംസ്കരണത്തിന്റെ അനിവാര്യതയും വിളിച്ചോതുന്ന അഴകോടെ ആലപ്പുഴ എന്ന നാടകവും വേദിയിൽ അവതരിപ്പിച്ചു.

# നിത്യോപയോഗ സാധനങ്ങളുടെ വില വർധന: വിപണി പരിശോധന കർശനമാക്കും

**കോഴിക്കോട്:** നിത്യോപയോഗ സാധനങ്ങളുടെ വില വർധന കണക്കിലെടുത്ത് ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, കൃത്രിമ വിലക്കയറ്റം എന്നിവ തടയുന്നതിനായി വിപണി പരിശോധന കർശനമാക്കും. ഇതിനായി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് ജില്ലയിലെ മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ പരിശോധന നടത്തും.

വിലവിവര പട്ടിക പ്രദർശിപ്പിക്കാതിരിക്കുക, പർച്ചേസ് ബില്ലോ ഇൻവോയ്സോ ഇല്ലാതെ അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുക, സാധനങ്ങൾ വാങ്ങിയ വിലയിലും വില്പനവിലയിലും ക്രമാതീതമായ വ്യത്യാസം വരുത്തുക, അളവ് തൂക്ക ഉപകരണങ്ങളിൽ മുദ്ര പതിപ്പിക്കാതിരിക്കുക, ഒരേ സാധനത്തിന് പല കടകളിൽ വ്യത്യസ്ത വില ഈടാക്കുക തുടങ്ങിയ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ ജില്ലാ കലക്ടർ എ ഗീതയുമായി നടത്തിയ വീഡിയോ കോൺഫറൻസിലാണ് പൊതുവിപണി പരിശോധനയ്ക്ക് നിർദേശം നൽകിയത്.

# ഡെങ്കിപ്പനി: ജാഗ്രതാ നിർദ്ദേശവുമായി ആരോഗ്യവകുപ്പ്



**കൊച്ചി:** എറണാകുളം ജില്ലയിൽ ഡെങ്കിപ്പനി കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രതപാലിക്കണമെന്നും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൊതുക് ജന്യ രോഗമായ വെസ്റ്റ് നൈൽ ലക്ഷണങ്ങൾ സംശയിച്ചിരുന്ന കേസ് രോഗസ്ഥിരീകരണ പരിശോധനയായ പി സി ആർ ടെസ്റ്റ് പ്രകാരം നെഗറ്റീവ് ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ഡെങ്കിപ്പനി പടരുന്ന സാഹചര്യത്തിൽ ജനങ്ങൾ നിരന്തരമായി കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനങ്ങൾ നിർബന്ധമായും ഉറപ്പാക്കേണ്ടതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.നിരന്തരമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടും ഇപ്പോഴും വീടുകളിലും, സ്ഥാപനങ്ങളിലുമുൾപ്പടെ കൊതുകു വളരുന്ന ഉറവിടങ്ങൾ കാണപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.ജില്ലയിൽ കോന്തുരുത്തി ചൂർണ്ണിക്കര, ഇടത്തല, വാഴക്കുളം, മൂക്കന്നൂർ കുട്ടമ്പുഴ, പായിപ്ര, തൃക്കാക്കര തുടങ്ങിയ പ്രദേശങ്ങളിലാണ് ഡെങ്കിപ്പനി കേസുകൾ കൂടുതലും റിപ്പോർട്ട് ചെയ്തിട്ടുള്ളത്.പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ജില്ല ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഹോട്ട്സ്പോട്ടുകളിൽ സ്കാഡുകൾ രൂപീകരിച്ചു ഉറവിടനശീകരണവും ഫോഗിങ്ങും നടത്തി വരുന്നു.ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ വീടുകൾ, ഫ് ളാറ്റുകൾ , സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഡെങ്കിപ്പനി ബാധിത മേഖലകളിൽ മണിപ്ലാന്റ് പോലെ വെള്ളത്തിൽ വളർത്തുന്ന അലങ്കാര ചെടികൾ വളർത്തുന്നയിടങ്ങളിലാണ് ഈഡിസ് കൊതുകുകൾ വളരുന്ന സാഹചര്യം കൂടുതലായി കണ്ടെത്തിയിട്ടുള്ളത്.ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന ഒരു വൈറസ് രോഗമാണ് ഡെങ്കിപ്പനി.പനിയോടൊപ്പം തലവേദന , കണ്ണിനു പുറകിൽ വേദന, പേശിവേദന, സന്ധിവേദന എന്നിവയാണ് ഡെങ്കിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ. കൂടാതെ ശരീരത്തിൽ ചുവന്നു തടിച്ച പാടുകളും ഉണ്ടാകാം.. തുടർച്ചയായ ഛർദ്ദി, വയറുവേദന, ശരീരഭാഗങ്ങളിൽ നിന്നും രക്തസ്രാവം, കറുത്തമലം, പെട്ടെന്നുണ്ടാകുന്ന ശ്വാസംമുട്ട്, ശരീരം ചുവന്ന് തടിക്കൽ, ശരീരം തണുത്ത് മരവിക്കുക , തളർച്ച, രക്തസമ്മർദ്ദം വല്ലാതെ താഴുക, കുട്ടികളിൽ തുടർച്ചയായ കരച്ചിൽ തുടങ്ങിയവ ഡെങ്കിപ്പനിയുടെ അപായസൂചനകളാണ്.ഡെങ്കിപ്പനി വിവിധങ്ങളായ രോഗലക്ഷണങ്ങളോടെ പ്രകടമാകാം. രോഗലക്ഷണങ്ങൾ കാര്യമായി പ്രകടമാക്കാതെയും , ഒരു വൈറൽ പനി പോലെയും ഡെങ്കിപ്പനി വന്ന് പോകാം. എന്നാൽ ചിലപ്പോൾ രോഗം സങ്കീർണ്ണമായി രോഗിയുടെ ജീവനു തന്നെ ഭീഷണിയാകുന്ന ഡെങ്കു ഹെമറേജിക് ഫീവർ , ഡെങ്കു ഷോക്ക് സിൻഡ്രോം എന്നീ ഗുരുതരമായ അവസ്ഥ ഉണ്ടാകാം . ഡെങ്കിപ്പനി രണ്ടാമതും പിടിപെട്ടാൽ കൂടുതൽ ഗുരുതരമാകാം. ആദ്യം രോഗം വന്നു പോയത് ചിലപ്പോൾ അറിയണമെന്നില്ല. അതിനാൽ ഡെങ്കിപ്പനി ഉണ്ടായാൽ രണ്ടാമത് രോഗം വരുന്നതെന്ന രീതിയിൽ തന്നെ അതീവ ശ്രദ്ധ പുലർത്തണം.പനി തുടങ്ങിയ രോഗലക്ഷണങ്ങൾ പ്രകടമായാൽ സ്വയം ചികിത്സക്ക് മുതിരാതെ എത്രയും പെട്ടെന്ന് തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടുന്നതിലൂടെ രോഗം ഗുരുതരമാകുന്നത് തടയാം .ഡെങ്കിപനി മാറിയാലും മൂന്നു നാലു ദിവസം കൂടി സമ്പൂർണ്ണ വിശ്രമം തുടരുക. ഉപ്പിട്ട കഞ്ഞി വെള്ളം, കരിക്കിൻ വെള്ളം തുടങ്ങി ധാരാളം പാനീയങ്ങൾ കുടിക്കുന്നതും നല്ലതാണ്. ഡെങ്കിപ്പനി ബാധിതർ പകൽ സമയം വിശ്രമിക്കുന്നതും ഉറങ്ങുന്നതും പൂർണമായും കൊതുക് വലയ്ക്കുള്ളിൽ ആയിരിക്കണം.

# മീഡിയ അക്കാദമി പി.ജി.ഡിപ്ലോമ : ജൂൺ 17 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന പിജി ഡിപ്ലോമ കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്ങ് എന്നീ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ജൂൺ 17 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. 2023 മെയ് 31 ൽ 28 വയസ്സ് കവിയരുത്. പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും. ഈ വിഭാഗക്കാർക്ക് ഫീസിളവും ഉണ്ടാകും. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷ ഓൺലൈനായാണ് നടത്തുക.പ്രിന്റ് ജേർണലിസം, റേഡിയോ, ഓൺലൈൻ, സോഷ്യൽ മീഡിയ, ബ്രോഡ് കാസ്റ്റ് ജേർണലിസം, മൊബൈൽ ജേർണലിസം തുടങ്ങിയ മാധ്യമ പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന സമഗ്രമായ പാഠ്യപദ്ധതിയാണ് ജേർണലിസം ആന്റ് കമ്യൂണിക്കേഷൻ കോഴ്സ്.ടെലിവിഷൻ ജേർണലിസം, ന്യൂസ് ആങ്കറിംഗ്, വീഡിയോ ക്യാമറ, വീഡിയോ എഡിറ്റിങ്ങ്, ഡോകുമെന്ററി പ്രൊഡക്ഷൻ, മീഡിയ കൺവെർജൻസ്, മൊബൈൽ ജേർണലിസം, തുടങ്ങി ദൃശ്യമാധ്യമ മേഖലയിൽ സമഗ്രമായ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സാണ് ടെലിവിഷൻ ജേർണലിസം.പബ്ലിക് റിലേഷൻസ്, അഡ്വർടൈസിങ്ങ് മേഖലയിലെ നൂതനപ്രവണതകളിൽ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്നതാണ് പബ്ലിക് റിലേഷൻസ് ആന്റ് അഡ്വർടൈസിങ്ങ് കോഴ്സ്. ഒപ്പം, ജേർണലിസം, ക്രീയേറ്റീവ് റൈറ്റിങ്, പോഡ്കാസ്റ്റിംഗ്, ഡിജിറ്റൽ മാർക്കറ്റിങ്, ആഡ് ഫിലിം മേക്കിങ് എന്നിവയിലും സവിശേഷ പരിശീലനം നൽകുന്നു. ഇന്റേൺഷിപ്പും, പ്രാക്ടിക്കലും ഉൾപ്പെടെ കോഴ്സിന്റെ ദൈർഘ്യം ഒരുവർഷമാണ്.കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾ മീഡിയ അക്കാദമിയുടെ www.keralamediaacademy.org വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ ഓൺലൈനായി വെബ്സൈറ്റിലൂടെ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ / ജിപേ/ ബാങ്ക് മുഖേന അടച്ച രേഖ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ജൂൺ 17. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ ലഭിക്കും. ഫോൺ: 04842422275, 9539084444 (ഡയറക്ടർ), 8086138827 (ടെലിവിഷൻ ജേണലിസം കോഓർഡിനേറ്റർ), 7907703499 (പബ്ലിക് റിലേഷൻസ് കോഓഡിനേറ്റർ)
ഇമെയിൽ:
kmaadmissions@gmail.com

# 'സോംനാഥ് ഹോർ' പുസ്തകം പ്രകാശനം ചെയ്തു



**കൊച്ചി:** പ്രശസ്ത കലാനിരൂപകൻ എം. രാമചന്ദ്രൻ എഡിറ്റു ചെയ്ത അഞ്ചോളം ലേഖനങ്ങളുള്ള കേരള ലളിതകലാ അക്കാദമി പ്രസിദ്ധീകരിച്ച 'സോംനാഥ് ഹോർ' എന്ന പുസ്തകത്തിന്റെ പ്രകാശനം കോഴിക്കോട് പുതിയറയിലുള്ള എസ്.കെ. പൊറ്റെക്കാട്ട് കൾച്ചറൽ സെന്ററിൽ മുൻ സാംസ്കാരിക വകുപ്പു മന്ത്രി എം.എ. ബേബി നിർവ്വഹിച്ചു.കേരളത്തിലേക്ക് ഈ വലിയ പ്രതിഭയെ നമുക്കു കൊുവരാൻ കഴിയാത്തതിന്റെ പ്രായശ്ചിത്തമായി ഈ പുസ്തകത്തെ കാണാവുന്നതാണെന്ന് എം.എ ബേബി പറഞ്ഞു. അക്കാദമി ചെയർപേഴ്സൺ മുരളീ ചീരോത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കലാ സാംസ്കാരിക പ്രവർത്തകരായ വി.കെ. ശ്രീരാമൻ, കെ.എൻ. ഷാജി തുടങ്ങിയവർ സംബന്ധിച്ചു. അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ സ്വാഗതവും, എം. രാമചന്ദ്രൻ കൃതജ്ഞതയും രേഖപ്പെടുത്തി.

## പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണത്തിന് ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ജില്ലയിലെ മൂവാറ്റുപുഴ ഐ സി ഡി എസ് പ്രോജക്ടിലെ 85 അങ്കണവാടികൾക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള ജി എസ് ടി രജിസ്ട്രേഷനുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30 ഉച്ചയ്ക്ക് രു വരെ.

## അതിഥി തൊഴിലാളികളിൽ നിന്നും ലിങ്ക് വർക്കർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അതിഥി തൊഴിലാളികൾക്കിടയിൽ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം ജില്ലയിൽ അതിഥി തൊഴിലാളികളിൽ നിന്നും ലിങ്ക് വർക്കർമാരെ നിയമിക്കുന്നു. അഞ്ച് ഒഴിവുകൾ ു്. പ്രായപരിധി 2045 നും ഇടയിൽ. യോഗ്യത അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എട്ടാം ക്ലാസ് പാസായിരിക്കണം., അഞ്ചു വർഷമായി കേരളത്തിൽ സ്ഥിരതാമസമുള്ളവർ, മാതൃഭാഷയ്ക്കു പുറമെ മലയാള ഭാഷയും സാമാന്യം നന്നായി കൈകാര്യം ചെയ്യാൻ കഴിവുള്ളവർ, നല്ല ആശയവിനിമയവും കഴിവും നേതൃത്വ ഗുണവുമുള്ളവർ. യോഗ്യരായ അതിഥി തൊഴിലാളികൾ ജൂൺ 22ന് ഉച്ചയ്ക്ക് മൂന്നിന് ബയോഡാറ്റയും, ആധാർ കാർഡും യോഗ്യത തെളിയിക്കുന്ന രേഖകളുമായി ആരോഗ്യ കേരളം എറണാകുളം ഓഫീസിൽ നേരിട്ട് ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ 04872354737.

## ഐ.ടി.ഐ പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 11 ഐ.ടി.ഐ കളിലായി ട്രേഡുകളിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ 12 തൊഴിലാളികളുടെ മക്കൾക്ക് 240 സീറ്റുകൾ സംവരണം ചെയ്തിട്ടു്. ഈ സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വെബ് സൈറ്റായ www.labourwelfarefund.in വഴി ഓൺലൈനായി അപേക്ഷിക്കാം.APPLY NOW -IT. Training Programme ലാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.പ്രവേശനത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാനയോഗ്യത പത്താം ക്ലാസ്സാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 300 രൂപ ബോർഡിൽ നിന്നും സ്റ്റൈപന്റ് നൽകും. അഡ്മിഷൻ ലഭിക്കുന്ന ഗവ. ഐ.ടി.ഐ കളും ഗ്രേഡുകളും: ധനുവച്ചപുരംവയർമാൻ, ചാക്ക ടർണർ, കൊല്ലംമെക്കാനിക്ക് ഡീസൽ, ഏറ്റുമാനൂർ വെൽഡർ/ഫിൽറ്റർ ചെങ്ങന്നൂർ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, കളമശ്ശേരി ഫിൽറ്റർ, ചാലക്കുടിടെക്നിക്കൽ പവർ ഇലക്ട്രോണിക്ക് സിസ്റ്റംസ്, മലമ്പുഴ ഇലക്ട്രീഷ്യൻ, അഴിക്കോട്ഡ്രാഫ്റ്റ്സ് മാൻ സിവിൽ, കോഴിക്കോട് റെഫിറിർറേഷൻ ആന്റ് എയർ കീഷനിങ്ങ് ടെക്നീഷ്യൻ, കണ്ണൂർ ഇലക്ട്രോണിക്ക് മെക്കാനിക്ക്.

## ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിൽ ഓപ്പൺ ജിം തുറന്നു



**കൊച്ചി:** ആരോഗ്യപൂർണമായ സമൂഹത്തെ വാർത്തെടുക്കുക, ആരോഗ്യപരിപാലനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിൽ ഓപ്പൺ ജിം പ്രവർത്തനം ആരംഭിച്ചു. വർധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളിൽ നിന്ന് പൊതുജനങ്ങളെ മുക്തരാക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വഴി 10 ലക്ഷം രൂപ വകയിരുത്തിയാണ് ജിമ്മിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. അൻവർ സാദത്ത് എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും സൗകര്യപ്രദമായ രീതിയിൽ കെ.എച്ച് ഹംസ മെമ്മോറിയൽ ഹാളിന് മുൻവശത്താണ് ഓപ്പൺ ജിം സജ്ജീകരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ പുരുഷന്മാർക്കും സ്ത്രീകൾക്കും ആരോഗ്യപ്രദമായ ജീവിതം നയിക്കുന്നതിനായി വ്യായാമം ചെയ്യുന്നതിന് ഉപയോഗപ്രദമാകും തരത്തിൽ ആവശ്യമായ ഉപകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടു്.ചടങ്ങിൽ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.ജെ ജോമി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് മുഖ്യാതിഥിയായി. ശ്രീമൂലനഗരം പഞ്ചായത്ത് പ്രസിഡന്റ് കെ.സി മാർട്ടിൻ, വൈസ് പ്രസിഡന്റ് സിന്ധു പാറപ്പുറം, ബ്ലോക്ക് പഞ്ചായത്ത് അംഗം സിനി ജോണി, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.പി അനൂപ്, വാർഡ് മെമ്പർമാരായ വി.എം ഷംസുദ്ദീൻ,സി.പി മുഹമ്മദ്, പി.കെ ബിജു എന്നിവർ പങ്കെടുത്തു.

## കൊവിഡ് മരണം: വനിതാ ആശ്രിതർക്കായി സ്മൈൽ കേരള വായ്പാ പദ്ധതി

**കൊച്ചി:**കോവിഡ് 19 ബാധിച്ച് മുഖ്യ വരുമാനാശ്രയമായ വ്യക്തി മരണപ്പെട്ടവരുടെ 1855 പ്രായപരിധിയിലുള്ള മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വനിതാ ആശ്രിതർക്ക് സ്മൈൽ കേരള സ്വയം തൊഴിൽ വായ്പ പദ്ധതി പ്രകാരം ആറ് ശതമാനം പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വസ്തു/ ഉദ്യോഗസ്ഥ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നു. ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് അഞ്ച് സെന്റിൽ കുറയാത്ത വസ്തുവിന്റെ അസൽ കരം അടച്ച രസീത് ജാമ്യമായി സ്വീകരിച്ചു വായ്പ നൽകും. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് വായ്പാ തുകയുടെ 20 ശതമാനം അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡിയും നൽകും. വിശദ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി www.kswdc.org വെബ്സൈറ്റിലോ 9496015011/ 9496015008 നമ്പരിലോ ബന്ധപ്പെടാം.

## കെൽട്രോൺ നോളജ് സെന്റർ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാരിന്റെ പൊതുമേഖല സ്ഥാപനമായ കെൽട്രോൺ അപേക്ഷ ക്ഷണിച്ചു. മൂന്ന് മാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് ലാന്റ് സർവ്വേ, സിവിൽ ആർക്കിടെക്ചർ ഡ്രോയിങ്ങ്, ഓട്ടോകാഡ്, ഒരു മാസം ദൈർഘ്യമുള്ള ടോട്ടൽ സ്റ്റേഷൻ സർവെ എന്നീ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് എസ്.എസ്.എൽ.സി, ഐടിഐ, ഡിപ്ലോമ, ബി.ടെക് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സുകളെ കുറിച്ച് കൂടുതൽ അറിയുന്നതിന് കെൽട്രോൺ നോളജ് സെന്റർ, രാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി ജംഗ്ഷൻ വഴുതയ്ക്കാട് വിലാസത്തിലോ 9846739021, 04712325154 നമ്പറിലോ ബന്ധപ്പെടുക.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മൂവാറ്റുപുഴ അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 91 അങ്കണവാടികൾക്ക് ആവശ്യമുള്ള പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സരസ്വഭാവമുള്ള ടെൻഡറുകൾ ജൂൺ 30 ന് ഉച്ചയ്ക്ക് രുവരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ നമ്പർ 04852810018

# ചെറു മത്സ്യബന്ധനം സമുദ്രമത്സ്യമേഖലക്ക് നഷ്ടമുണ്ടാക്കുന്നു



**കൊച്ചി:** അനിയന്ത്രിത ചെറുമത്സ്യബന്ധനം മൂലം കേരളത്തിന്റെ സമുദ്രമത്സ്യമേഖലയ്ക്ക് കഴിഞ്ഞവർഷവും നഷ്ടമുണ്ടായെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).കഴിഞ്ഞവർഷം കേരള തീരത്ത് നിന്നും പിടിച്ച കിളിമീനുകളിൽ 31 ശതമാനവും നിയമപരമായി പിടിക്കാവുന്ന വലിപ്പത്തിനേക്കാൾ (എം എൽ എസ്) ചെറുതായിരുന്നു. ഈ ഗണത്തിൽ 178 കോടി രൂപയാണ് നഷ്ടം. മത്തിയുടെ കുഞ്ഞുങ്ങളെ പിടിച്ചതിലൂടെയുള്ള നഷ്ടം 137 കോടി രൂപയാണ്. കേരളത്തിലെ മത്സ്യബന്ധനവും സുസ്ഥിരവികസനവും എന്ന വിഷയത്തിൽ നടന്ന ശിൽപശാലയിലാണ് സിഎംഎഫ്ആർഐ ഈ കണക്കുകൾ അവതരിപ്പിച്ചത്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ട്രോളിംഗ് നിരോധനകാലയളവിലാണ് മത്തിപോലുള്ള മീനുകളുടെ കുഞ്ഞുങ്ങളെ ധാരാളമായി പിടിക്കുന്നതെന്ന് റിപ്പോർട്ട് അവതരിപ്പിച്ച സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ടി എം നജ്മുദീൻ പറഞ്ഞു. എന്നാൽ, എംഎൽഎസ് നടപ്പിലാക്കാൻ തുടങ്ങിയതിന് ശേഷം ചെറുമീൻ മത്സ്യബന്ധനത്തിൽ മുൻകാലത്തേക്കാൾ കുറവ് വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.എംഎൽഎസ് നിയന്ത്രണം സമുദ്രമത്സ്യമേഖലയിലുണ്ടായ സ്വാധീനം മനസ്സിലാക്കാൻ സിഎംഎഫ്ആർഐ കിളിമീനുകളിൽ നടത്തിയ പഠനത്തിൽ, അവയുടെ ഉൽപാദനത്തിലും മൊത്തലഭ്യതയിലും ഗണ്യമായ വർധനവുണ്ടായതായി കണ്ടെത്തി. നിരോധനത്തിന് മുമ്പും ശേഷവുമുള്ള കണക്കുകൾ വിലയിരുത്തിയപ്പോൾ കിളിമീൻ ഉൽപാദനത്തിൽ 41 ശതമാനവും മൊത്തലഭ്യതയിൽ 27 ശതമാനവും വർധനവുണ്ടായി. ഇവയുടെ അംഗസംഖ്യാവർധനവ് 64 ശതമാനമാണ്.കൂടുതൽ മത്സ്യയിനങ്ങൾ എംഎൽഎസ് നിയന്ത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്നും നിലവിലെ ചില മത്സ്യയിനങ്ങളുടെ എംഎൽഎസിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഇ എം അബ്ദുസ്സമദ് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് പഠനങ്ങളും ചർച്ചകളും പുരോഗമിച്ചുവരികയാണ് അദ്ദേഹം പറഞ്ഞു.ഒരുടൺ ചെറുമത്തികൾ പിടിക്കുമ്പോൾ മത്സ്യമേഖലയ്ക്ക് നഷ്ടമാകുന്നത് 4,54000 രൂപയാണ്. ഇവയെ വളരാനനുവദിച്ചാൽ മത്സ്യമേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കുമാണ് ഗുണമുണ്ടാകുന്നത്. എംഎൽഎസ് നിയന്ത്രണമില്ലാത്ത സ്രാവിനങ്ങളിൽ നല്ലൊരു ശതമാനവും അവയുടെ പ്രജനനവലിപ്പത്തിൽ താഴെയാണെന്നും സിഎംഎഫ്ആർഐയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നു.സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സ്വയം നിയന്ത്രണങ്ങളും അനുകൂലമായ കാലാവസ്ഥയുമാണ് കഴിഞ്ഞ വർഷം മത്തി ഉൾപ്പെടെ മത്സ്യോൽപാദനം കൂടാനുള്ള കാരണമായി കരുതുന്നുതെന്ന് അദ്ദേഹം പറഞ്ഞു. എംഎൽഎസ് നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ തീരദേശ സംസ്ഥാനങ്ങൾക്കും സിഎംഎഫ്ആർഐ നിർദേശം നൽകിയിരുന്നു. കേരളവും കർണാടകയും മാത്രമാണ് നിലവിൽ നടപ്പിലാക്കിയത്. ആഴക്കടൽ കൂന്തൽ, മധ്യോപരിതല മത്സ്യങ്ങൾ, തെക്കൻ തീരങ്ങളിൽ കാണപ്പെടുന്ന ചെറിയ ഇനം പാമ്പാട എന്നിവ മികച്ച ഉൽപാദനക്ഷമതയുള്ള പാരമ്പര്യേതര മത്സ്യയിനങ്ങളാണെന്ന് സിഎംഎഫ്ആർഐ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും ഡോ ഗോപാലകൃഷ്ണൻ പറഞ്ഞു.മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, അനുബന്ധമേഖലകളിൽ പ്രവർത്തിക്കുന്നവർ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ശിൽപശാലയിൽ സംബന്ധിച്ചു. എംഎൽഎസ് നിയന്ത്രണം ഇന്ത്യയിൽ എല്ലായിടത്തും നടപ്പാക്കണമെന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ ആവശ്യപ്പെട്ടു. ചെറുമീൻപിടുത്തം നിരോധിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മതിയായ നഷ്ടപരിഹാരം നൽകണം. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധനയാനങ്ങൾ കേരളതീരത്തേക്ക് കടന്നുവരുന്നത് തടയിടണം. പുതിയ യാനങ്ങൾക്ക് അനുമതി നൽകരുതെന്നും അവർ ആവശ്യപ്പെട്ടു.ഡോ പി ലക്ഷ്മിലത, ഡോ സി രാമചന്ദ്രൻ, ഡോ എൻ അശ്വതി, ഡോ എം വി ബൈജു, എൻ കെ സന്തോഷ്, സംഗീത എൻ ആർ, സന്ദീപ് പി, സേതു ജി, മത്സ്യമേഖലയെ പ്രതിനിധീകരിച്ച് ചാൾസ് ജോർജ്ജ്, ജോസഫ് സേവ്യർ കളപ്പുരക്കൽ, മോഹനൻ പിടി, അനന്തൻ കെവി, ഉണ്ണികൃഷ്ണൻ എഡി, എം മജീദ്, മണി നായരമ്പലം, സക്കറിയ കെ എ, സോമൻ സികെ, ടോമി കെസി എന്നിവർ സംസാരിച്ചു.

# ഇന്ത്യയുടെ വെസ്റ്റ് ഇൻഡീസ് പര്യടനം: തത്സമയ സംപ്രേക്ഷണം ജിയോസിനിമയിൽ

**കൊച്ചി/മുംബൈ :**2023ലെ ഇന്ത്യയുടെ വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് പര്യടനത്തിന്റെ ഡിജിറ്റൽ തത്സമയ സംപ്രേക്ഷണ അവകാശം ജിയോസിനിമ ഏറ്റെടുത്തതായി പ്രഖ്യാപിച്ചു. ഒരു മാസം നീണ്ടുനിൽക്കുന്ന പരമ്പരയിൽ രണ്ട് ടെസ്റ്റുകളും മൂന്ന് ഏകദിനങ്ങളും അഞ്ച് ടി20 മത്സരങ്ങൾ ഉൾപ്പെടുന്നു.ജൂലൈ 12ന് ഡൊമിനിക്കയിൽ ആദ്യ ടെസ്റ്റും തുടർന്ന് ട്രിനിഡാഡിൽ രണ്ടാം ടെസ്റ്റും ആരംഭിക്കും. ഈ ടെസ്റ്റ പരമ്പരയിലൂടെ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ 202325 സൈക്കിളിന്റെ തുടക്കം കുറിക്കും. ജൂലൈ 27ന് ആരംഭിക്കുന്ന മൂന്ന് മത്സരങ്ങളടങ്ങിയ ഏകദിന പരമ്പര ബാർബഡോസിലും ട്രിനിഡാഡിലും നടക്കും. ഓഗസ്റ്റ് 3ന് ട്രിനിഡാഡിൽ അഞ്ച് മത്സരങ്ങളുള്ള ടി20 ഐ മത്സരം ആരംഭിക്കും, തുടർന്ന് രണ്ട് മത്സരങ്ങൾ ഗയാനയിലും അവസാന രണ്ട് മത്സരങ്ങൾ യുഎസിലെ ഫ് ളോറിഡയിലും നടക്കും. ഇന്ത്യയിൽ ഇതാദ്യമായാണ് ഏഴ് ഭാഷകളിൽ ഒരു ക്രിക്കറ്റ് പരമ്പരയുടെ തത്സമയ ഡിജിറ്റൽ സംപ്രേക്ഷണം അവതരിപ്പിക്കുന്നത്. ഇംഗ്ലീഷ്,




ഹിന്ദി, ഭോജ്പുരി, പഞ്ചാബി, തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകളിൽ ആണ് തത്സമയ ഡിജിറ്റൽ സംപ്രേക്ഷണം നടത്തുക. ടാറ്റ ഐ.പി.എൽ 2023ൽ ഡിജിറ്റൽ സംപ്രേക്ഷണത്തിലെ എല്ലാ റെക്കോർഡുകളും തകർത്ത്, ജിയോസിനിമ ആരാധകർക്ക് മികച്ച കാഴ്ചാനുഭവം സമ്മാനിച്ചിരുന്നു.

# കേരളത്തിലും തമിഴ്നാട്ടിലും മൂന്ന് മൊബൈൽ ക്ലിനിക്കുകളുമായി ആസ്റ്റർ വോളന്റിയേഴ്സ്

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സാമൂഹ്യ സേവന വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സ് ഒറ്റപ്പെട്ട ഇടങ്ങളിൽ കഴിയുന്നവർക്ക് ചികിത്സയെത്തിക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ആരംഭിച്ചു. കേരളത്തിലെയും തമിഴ്നാട്ടിലെയും വിദൂരഗ്രാമങ്ങളിൽ കഴിയുന്നവരിലേക്ക് ഉന്നതനിലവാരമുള്ള ചികിത്സയെത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. തൃശൂർ ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവർക്കായുള്ള മൊബൈൽ ക്ലിനിക് ഉൾപ്പെടെ കേരളത്തിലെ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ആറാമത്തെ സംരംഭമാണിത്. തമിഴ്നാട്ടിൽ ചെന്നൈയും രാമനാഥപുരം ജില്ലയും കേന്ദ്രീകരിച്ച് രണ്ട് ബസുകളാണ് പ്രവർത്തനം തുടങ്ങുന്നത്.കേരളത്തിൽ ഫ്ലോറ ഗ്രൂപ്പ് ഓഫ് ഹോട്ടൽസും ശാന്തിഭവൻ പാലിയേറ്റിവ് ഹോസ്പിറ്റലുമായി ചേർന്നാണ് അത്യാധുനിക വാഹനം ഒരുക്കിയിരിക്കുന്നത്. തമിഴ്നാട്ടിൽ അശോക് ലെയ്‌ലാൻഡ്, ആൽബൺ എയർ, തണൽ എന്നിവയുമായി സഹകരിച്ചാണ് പദ്ധതി യാഥാർഥ്യമാകുന്നത്.  ഈ ബസുകളിൽ പ്രാഥമിക ഘട്ടത്തിൽ ആവശ്യമുള്ള ചികിത്സ സംവിധാനങ്ങളും പരിശോധനകളും ഉൾപ്പെടെ എല്ലാ സേവനങ്ങളും ഉറപ്പുവരുത്തും. ദൂരെയുള്ള ആശുപത്രിയിലുള്ള വിദഗ്ധ ഡോക്ടറുമായി സംസാരിക്കുവാനും സൗകര്യമൊരുക്കും. നൂതനമായ ടെലി ഹെൽത്ത് സംവിധാനത്തിലൂടെയാണ് ഇത്  സാധിക്കുന്നത്.കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിലാണ്  തൃശ്ശൂരിലേക്കുള്ള മൊബൈൽ ക്ലിനിക്കിൻറെ ഫ് ളാഗ് ഓഫ് നടന്നത്. ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ഫ് ളോറ ഗ്രൂപ്പ് ഓഫ് ഹോട്ടൽസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ വി.എ. ഹസൻ, ശാന്തിഭവൻ പാലിയേറ്റീവ് ആശുപത്രിയുടെ സിഇഒ ഫാദർ ജോയ് കൂത്തൂർ എന്നിവർ ചേർന്നാണ് മൊബൈൽ ക്ലിനിക് ഫ്ളാഗ് ഓഫ് ചെയ്തത്. ചെന്നൈയിലെയും രാമനാഥപുരത്തെയും സർവീസുകൾക്കും ഔദ്യോഗികമായി തുടക്കമിട്ടു.ആശുപത്രികളിൽ നിന്ന് ഏറെ അകലെ താമസിക്കുന്നവർക്ക് സഞ്ചരിക്കുന്ന ഈ ക്ലിനിക്കുകൾ വലിയ ആശ്വാസമാകുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപകചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. അടിസ്ഥാനജീവിത സൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത ഇടങ്ങളിൽ ജീവിക്കുന്ന പാവപ്പെട്ടവരിലേക്ക് ഉന്നത നിലവാരമുള്ള ചികിത്സയെത്തിക്കാൻ ഈ പ്രോജക്ടിന് കഴിയും. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിലും മെച്ചപ്പെട്ട ചികിത്സയെത്തിക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും ആദിവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും ആവശ്യമായ ചികിത്സ നൽകുന്നതിനായി മെഡിക്കൽ ക്യാംപുകൾ നടത്താനും ഉദ്ദേശമുണ്ട്. രോഗനിർണ്ണയം  കഴിഞ്ഞാൽ സൗജന്യമായോ ഏറ്റവും കുറഞ്ഞ നിരക്കിലോ അവശ്യ ചികിത്സ ഉറപ്പാക്കും. ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, ഫാർമസിസ്റ്റ് എന്നിവരടങ്ങുന്ന സംഘം ഓരോ യൂണിറ്റിലും ഉണ്ടാകും.നിർധനരായ കുടുംബങ്ങളിലേക്ക് ഗുണകരമായ ചികിത്സാ സംവിധാനങ്ങൾ എത്തിക്കാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഇന്ത്യ സിഇഒ ഡോ. നിതീഷ് ഷെട്ടി പറഞ്ഞു. ദൂരദേശങ്ങളിൽ താമസിക്കുന്നവർക്ക് ഗുണമേന്മയുള്ള ചികിത്സ നേടുന്നതിനുള്ള തടസങ്ങൾ നീക്കാൻ ഇതിലൂടെ കഴിയുമെന്ന് അദ്ദേഹം വ്യക്തമാക്കി. ജനങ്ങളുടെ താമസസ്ഥലവും പശ്ചാത്തലവും ഏതായാലും എല്ലാവർക്കും ചികിത്സ ലഭ്യമായിരിക്കണമെന്ന  ചെയർമാൻ ഡോ. ആസാദ് മൂപ്പന്റെ ചിന്തയാണ് ഈ പദ്ധതിക്ക് പിന്നിൽ.സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിൽ ഉള്ളവർക്കും മെച്ചപ്പെട്ട ചികിത്സ നല്കാൻ ശ്രമിക്കുന്ന പദ്ധതിയാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ  മൊബൈൽ മെഡിക്കൽ സർവീസസ്. നിലവിൽ ഇത്തരത്തിൽ 33 ഓളം മെഡിക്കൽ വാനുകൾ വിവിധയിടങ്ങളിൽ നിയോഗിച്ചു കഴിഞ്ഞു. ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും ആഫ്രിക്കയിലുമായി പത്ത് ലക്ഷത്തിലേറെ രോഗികൾക്ക് ചികിത്സയും നൽകിക്കഴിഞ്ഞു. കോവിഡ് 19 നെതിരായ പോരാട്ടത്തിലും ആസ്റ്റർ  വോളന്റിയർമാർ മുൻനിരയിൽ തന്നെയുണ്ടായിരുന്നു.



# പത്തു ലക്ഷം യൂണിറ്റ് ഉൽപ്പാദനം പിന്നിട്ട് റെനോ ഇന്ത്യ

**ന്യൂ ഡൽഹി:** യൂറോപ്യൻ വാഹന ബ്രാൻഡായ റെനോ, ഇന്ത്യയിൽ 10,00,000 വാഹനങ്ങളുടെ ഉൽപ്പാദനം എന്ന നാഴികക്കല്ല് പിന്നിട്ടതായി റെനോ ഇന്ത്യ ഓപ്പറേഷൻസ് കൺട്രി സിഇഒയും മാനേജിംഗ് ഡയറക്ടറുമായ വെങ്കട്ട്റാം മാമില്ലപ്പള്ളി വ്യക്തമാക്കി. നിലവിൽ ഇന്ത്യൻ ഉപഭോക്താക്കൾക്കായി ജനപ്രിയ ക്വിഡ്, കൈഗർ, ട്രൈബർ എന്നിവയുൾപ്പെടെ മൂന്ന് പാസഞ്ചർ വാഹന മോഡലുകളാണ് റെനോ പുറത്തിറക്കുന്നത്. കൂടാതെ ടഅഅഞഇ, ഏഷ്യാ പസഫിക്, ഇന്ത്യൻ ഓഷ്യാനിക് റീജിയൻ, ദക്ഷിണാഫ്രിക്ക, കിഴക്കൻ ആഫ്രിക്ക മേഖലകളിലെ 14 രാജ്യങ്ങളിലേക്ക് കയറ്റുമതിയും ചെയ്യുന്നുണ്ട്.റെനോയുടെ ചെന്നൈയിലെ അത്യാധുനിക നിർമ്മാണ പ്ലാന്റ് ഈ ശ്രദ്ധേയമായ നേട്ടത്തിൽ നിർണായക പങ്ക് വഹിച്ചു. പ്രതിവർഷം 480,000 യൂണിറ്റ് ഉൽപ്പാദന ശേഷിയുള്ള ഈ പ്ലാന്റ് മികവിനും നവീകരണത്തിനുമുള്ള റെനോയുടെ അശ്രാന്ത പരിശ്രമത്തിന്റെ തെളിവായി നിലകൊള്ളുന്നു. ഉൽപ്പാദനം, സാങ്കേതികവിദ്യ, കഴിവുകൾ എന്നിവയിൽ കമ്പനി ഗണ്യമായ നിക്ഷേപം നടത്തി, ഗുണനിലവാരത്തിന്റെയും കാര്യക്ഷമതയുടെയും ഉയർന്ന നിലവാരം ഉറപ്പാക്കുന്ന ശക്തമായ ഉൽപ്പാദന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നു. സഖ്യത്തിന് കീഴിലുള്ള ആറ് ഉൽപ്പന്നങ്ങളുടെ വികസനത്തിന് പിന്തുണ നൽകുന്നതിനായി 5,300 കോടി രൂപയുടെ വലിയ നിക്ഷേപവും റെനോ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.റെനോയുടെ നിർമ്മാണ സൗകര്യംമൾട്ടിടയർ വിതരണക്കാരുടെയും ഡീലർമാരുടെയും വിപുലമായ ആവാസവ്യവസ്ഥയ്ക്കൊപ്പം, സമ്പദ്‌വ്യവസ്ഥയ്ക്കും സമൂഹത്തിനും രാഷ്ട്ര നിർമ്മാണത്തിനും ഗണ്യമായ സംഭാവന നൽകി. ഇന്ത്യാ ഗവൺമെന്റിന്റെ മേക്ക്ഇൻ ഇന്ത്യ ദർശനത്തിന് അനുസൃതമായി, കമ്പനി വർഷങ്ങളായി അതിന്റെ കയറ്റുമതി ശക്തിപ്പെടുത്തി. ഇന്ത്യയിൽ 10,00,000 വാഹനങ്ങൾ നിർമ്മിക്കുന്നത് റെനോയുടെ സുപ്രധാന നാഴികക്കല്ലാണ്.ക്വിഡ്, കൈഗർ, ട്രൈബർ എന്നിവയുടെ സമ്പൂർണ്ണ ശ്രേണി ഹ്യൂമൻ ഫസ്റ്റ് പ്രോഗ്രാമിന്റെ ഭാഗമായി നൂതനമായ സുരക്ഷാ ഫീച്ചറുകളോടെയാണ് വരുന്നത്. അപകടസാധ്യത കുറയ്ക്കുന്നതിനും മൊത്തത്തിലുള്ള സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന സുരക്ഷാ ഫീച്ചറുകൾ റെനോ നവീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്തു.ഹ്യൂമൻ ഫസ്റ്റ് പ്രോഗ്രാമിന് കീഴിൽ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ് (എച്ച്എസ്എ), വളഞ്ഞ റോഡുകളിൽ മെച്ചപ്പെട്ട നിയന്ത്രണം നൽകുന്ന ഇലക്ട്രോണിക് സ്റ്റെബിലിറ്റി പ്രോഗ്രാം (ഇഎസ്പി) പോലുള്ള നൂതനവും മികച്ചതുമായ സുരക്ഷാ ഫീച്ചറുകളാണ് റെനോ ഇന്ത്യയുടെ ഉൽപ്പന്ന നിരയിലുള്ളത്. ഹിൽ സ്റ്റാർട്ട് അസിസ്റ്റ് ബ്രേക്കിംഗിന് ശേഷം കാർ റോൾബാക്ക് ചെയ്യുന്നത് തടയുമ്പോൾ, ട്രാക്ഷൻ കൺട്രോൾ സിസ്റ്റം (ടിസിഎസ്) ചക്രങ്ങളുടെ വേഗതയിലെ ക്രമക്കേടുകൾ തിരിച്ചറിഞ്ഞ് അലേർട്ട് നൽകുന്നു. മറ്റൊരു സുരക്ഷാ ഫീച്ചറാണ് തത്സമയ അലേർട്ടുകൾ നൽകുന്ന ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം (ടിപിഎംഎസ്) എന്നും അദ്ദേഹം പറഞ്ഞു.




# ബജാജ് അലയൻസ് ലൈഫ് ദുബായിൽ ഓഫീസ് ആരംഭിച്ചു



**കൊച്ചി :** സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ബജാജ് അലയൻസ് ലൈഫ്, ദുബായിൽ ആദ്യത്തെ റെപ്രസെന്റേറ്റീവ് ഓഫീസ് തുറന്നു.  ദുബായിലും ജിസിസി മേഖലയിലും ഉള്ള എൻആർഐ ഉപഭോക്താക്കൾക്ക് കമ്പനിയുടെ 'കസ്റ്റമർ ഫസ്റ്റ്' സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണിത്. ജിസിസി മേഖലയിലുള്ള എൻആർഐ  ഉപഭോക്താക്കൾക്ക് പോളിസികളുമായി ബന്ധപ്പെട്ട് തടസ്സമില്ലാത്ത സേവനം ലഭ്യമാക്കുന്നതിനും, നിക്ഷേപം, സമ്പാദ്യം, റിട്ടയർമെന്റ് തുടങ്ങി ബജാജ് അലയൻസ് ലൈഫിന്റെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താനും റെപ്രസെന്റേറ്റീവ് ഓഫീസിലൂടെ സാധിക്കും.പുതിയ ഓഫീസിലൂടെ 'ജിസിസിയിലെ ഉപഭോക്താക്കൾക്ക് സുഗമമായ  സേവനം നൽകാൻ സാധിക്കുമെന്നും കസ്റ്റമർ ഫസ്റ്റ് ഫോക്കസ് ഉപയോഗിച്ച് ശാക്തീകരിച്ച മികച്ച ടീം, ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ, നവീകരണങ്ങൾ എന്നിവയിലൂടെ എൻആർഐ  ഉപഭോക്താക്കൾ നടത്തുന്ന ഓരോ ഇടപാടും തൃപ്തികരമാക്കുമെന്നും  ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.ദുബായിൽ റെപ്രസെന്റേറ്റീവ് ഓഫീസ് തുറക്കുന്നത് ബജാജ് അലയൻസ് ലൈഫിന്റെ വളർച്ചാ പദ്ധതിയിലെ ഒരു സുപ്രധാന നാഴികക്കല്ലാകും. ഗൾഫ് വിപണിയിൽ ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകാനുള്ള കമ്പനിയുടെ പ്രതിബദ്ധത ഇതു തെളിയിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# തൃശൂർ ഇൻഫോപാർക്കിൽ പുതിയ ഓഫീസ് ആരംഭിച്ച് സെയ്ദോർ ഓപ്പൺട്രെൻഡ്സ്



**തൃശൂർ:** ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സൊല്യൂഷനുകളിലെ മുൻനിര സേവന ദാതാക്കളായ സെയ്ദോർ ഓപ്പൺട്രെൻഡ്സ്, തൃശൂർ ഇൻഫോപാർക്കിൽ പുതിയ ഓഫീസ് ആരംഭിച്ചു. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം നിർവഹിച്ചു. തൃശൂർ ഇൻഫോപാർക്കിലെ ഇന്ദീവരം ബിൽഡിങ്ങിൽ പ്രവർത്തനം ആരംഭിച്ച ആദ്യ ഐ.ടി കമ്പനികളിലൊന്നായ ഓപ്പൺട്രെൻഡ്സിനെ ബാഴ്സലോണ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ബിസിനസ് ടെക്നോളജി കൺസൾട്ടിംഗ് സ്ഥാപനമായ സെയ്ദോർ ഏറ്റെടുത്തു.ഇ.ആർ.പി, അനലിറ്റിക്സ്, ക്ലൗഡ് കമ്പ്യൂട്ടിങ്ങ്, സൈബർ സുരക്ഷ, ഉപഭോക്തൃ അനുഭവം എന്നിവ ലക്ഷ്യമാക്കിയുള്ള ഇന്നൊവേഷൻ സൊല്യൂഷനുകളുടെയും സേവനങ്ങളുടെയും സമഗ്രമായ പോർട്ട്ഫോളിയോ വാഗ്ദാനം ചെയ്യുന്ന ടെക്നോളജി കൺസൾട്ടിംഗ് സ്ഥാപനമാണ് സെയ്ദോർ എന്ന് സെയ്ദോർ ഓപ്പൺട്രെൻഡ്സ് ഇന്ത്യയുടെ സി.ഇ.ഒയും മാനേജിങ്ങ് ഡയറക്ടറുമായ ജോർഡി നെഗ്രെറ്റെ പറഞ്ഞു.ഈ വിപുലീകരണത്തോടെ എസ്.എ.പി, മൈക്രോസോഫ്റ്റ്, അഡോബ്, ഓപൺ ടെക്സ്റ്റ്, ഡാറ്റാ അനലിറ്റിക്സ് എന്നിവയിലെ സാങ്കേതിക വൈദഗ്ധ്യം വർധിപ്പിച്ച് ഇന്ത്യയിലെ പ്രവർത്തനം ശക്തിപ്പെടുത്താനാണ് കമ്പനി പദ്ധതിയിടുന്നത്.കമ്പനിയെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായ നേട്ടങ്ങളുള്ള മികച്ച ഒരു വർഷമാണിതെന്നും നിലവിലുള്ള ക്ലയന്റുകളുമായി മാത്രമല്ല, പുതിയ ക്ലയന്റുകളുമായും പ്രധാന കരാറുകൾ ഉറപ്പിക്കുവാൻ സാധിച്ചെന്നും ജോർഡി നെഗ്രെറ്റെ പറഞ്ഞു. 25 ദശലക്ഷം യൂറോയുടെ വിൽപ്പനയിൽ നിന്ന് 2023ൽ 100 ദശലക്ഷം യൂറോയിലേക്ക് കമ്പനി മുന്നേറും. ക്ലയന്റുകളുടെ ആഗോള ഡിജിറ്റൽ പരിവർത്തന ആവശ്യകതകൾ നിറവേറ്റുന്നതിൽ ഇന്ത്യയിലെ ഓഫീസ് നിർണായക പങ്ക് വഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കോയമ്പത്തൂരിൽ ഹൈപ്പർമാർക്കറ്റുമായി ലുലു

**കോയമ്പത്തൂർ :** ലുലു ഇനിമുതൽ കേരളത്തിന്റെ അയൽസംസ്ഥാനമായ തമിഴ്നാട്ടിലും. സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ , ആധുനിക സൗകര്യങ്ങളോടെയുള്ള ഹൈപ്പർമാർക്കറ്റ് കോയമ്പത്തൂരിൽ ജനങ്ങൾക്കായി തുറന്നു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുടെ സാന്നിദ്ധ്യത്തിൽ തമിഴ്നാട് വ്യവസായ മന്ത്രി ടി ആർബി രാജ ഉദ്ഘാടനം നിർവ്വഹിച്ചു. കോയമ്പത്തൂർ അവിനാശി റോഡിലെ ലക്ഷ്മി മിൽസ് കോമ്പൗണ്ടിലാണ് പുതിയ ഹൈപ്പർ മാർക്കറ്റ്. ലുലു ഗ്രൂപ്പിന്റെ തമിഴ്നാട്ടിലെ ആദ്യ സംരംഭം കൂടിയാണിത്. തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ അബുദാബിയിൽ വെച്ച് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുമായി നടത്തിയ കൂടിക്കാഴ്ചയെ തുടർന്ന് തമിഴ്നാട് സർക്കാരുമായി ഒപ്പിട്ട ധാരണപാത്രത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പുതിയ ഹൈപ്പർ മാർക്കറ്റ്. തമിഴ്നാട്ടിലേക്ക് കൂടി ലുലുവിന്റെ സേവനം ലഭ്യമാകുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും അത്യാധുനിക സൗകര്യങ്ങളോടെയുള്ള സൗകര്യപ്രദമായ ഷോപ്പിംഗ് അനുഭവം കോയമ്പത്തൂരിലെ ജനങ്ങൾക്കും ലഭ്യമായിരിക്കുകയാണെന്നും " ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി ഉദ്ഘാടന ചടങ്ങിൽ വ്യക്തമാക്കി.നേരിട്ടും അല്ലാതെയും അയ്യായിരം പേർക്ക് ആദ്യഘട്ടമായി തൊഴിൽ ലഭിക്കും. പ്രാദേശിക തലത്തിൽ കൂടുതൽ യുവജനങ്ങൾക്ക് പുതിയ പദ്ധതികൾ വരുന്നതോടെ തൊഴിലവസരം ഒരുങ്ങും. തമിഴ്നാട്ടിലെ കാർഷിക ഉൽപന്നങ്ങളുടെ കയറ്റുമതിക്കായി ലോജിസ്റ്റിക്സ് സെന്ററുകളും വിവിധയിടങ്ങളിൽ യാഥാർത്ഥ്യമാക്കും.ഗ്രോസറി, ഫ്രഷ് ഫുഡ്, ഗാർഹിക ഉൽപ്പന്നങ്ങൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോർ, ഇലക്ട്രോണിക്സ് എന്നിവയുടെ വിശാലമായ വിവിധ സെക്ഷനുകൾ ഹൈപ്പർമാർക്കറ്റിലുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. തമിഴ്നാട്ടിലെ കാർഷിക മേഖലകളിൽ നിന്ന് നേരിട്ട് സംഭരിച്ച പച്ചക്കറി, പഴം, പാൽ ഉത്പന്നങ്ങൾ എന്നിവ ലുലു ഹൈപ്പർമാർക്കറ്റിൽ ഉറപ്പാക്കിയിട്ടുണ്ട്. വീട്ടുപകരണങ്ങൾ, മറ്റ് ആവശ്യവസ്തുക്കൾ, ഇലക്ട്രോണിക്സ്, ബ്യൂട്ടി പ്രോഡക്ടസ് മുതൽ ഏറ്റവും രുചികരമായ ഹോട്ട് ഫുഡ്, ബേക്കറി തുടങ്ങിയവ ഒരേ കുടക്കീഴിൽ അണിനിരത്തിയാണ് കോയമ്പത്തൂർ ലുലു ഹൈപ്പർമാർക്കറ്റ് ഒരുങ്ങിയിരിക്കുന്നത്. ഇറക്കുമതി ചെയ്ത ഏറ്റവും മികച്ച ലോകോത്തര ഭക്ഷ്യ വസ്തുക്കളുടെ കേന്ദ്രവും ഹൈപ്പർ മാർക്കറ്റിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നു. ബ്രാൻഡഡ് ഉൽപന്നങ്ങളും മികച്ച വിലയിൽ ലഭ്യമാണ്. തമിഴ്നാട്ടിലെ ഏറ്റവും മികച്ച ഷോപ്പിംഗ് സാധ്യതയാണ് ഇതിലൂടെ തുറക്കുന്നതെന്നും എം.എ.യൂസഫലി വ്യക്തമാക്കി.തമിഴ്നാട്ടിൽ 3,000 കോടി രൂപയുടെ നിക്ഷേപത്തിനാണ് ലുലു ഗ്രൂപ്പ് തമിഴ്നാട് സർക്കാരുമായി ധാരണയിൽ എത്തിയിരുന്നത്. ഫുഡ് സോഴ്സിങ്ങ് യൂണിറ്റ്, ലോജിസ്റ്റിക്സ് ഹബ്ബ് അടക്കം തമിഴ്നാട്ടിലെ വിവിധ മേഖലകളിൽ ആരംഭിക്കാനുള്ള പദ്ധതികൾ സജീവമാണ്. ചെന്നൈയിൽ തുടങ്ങുന്ന ലുലു മാളിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത് തന്നെ ആരംഭിക്കും. സേലം, ഈറോഡ്, ഹൊസൂർ അടക്കം വിവിധ പ്രദേശങ്ങളിൽ പുതിയ പദ്ധതികൾ വിപുലീകരിക്കും. ലുലു ഗ്രൂപ്പ് എക്സിക്യൂട്ടി ഡയറക്ടർ എം.എ. അഷറഫ് അലി, ലുലു ഇന്ത്യ ആൻഡ് ഒമാൻ ഡയറക്ടർ എ.വി. ആനന്ദ്, ലുലു ഗ്രൂപ്പ് സിഇഒ സെയ്ഫി രൂപാവാല, ലുലു ഇന്ത്യ സിഇഒ എം.എ നിഷാദ്, ലുലു ഇന്ത്യ സിഒഒ രജിത്ത് രാധാകൃഷ്ണൻ, ലുലു ഗ്രൂപ്പ് ഗ്ലോബൽ കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ വി നന്ദകുമാർ ഉൾപ്പെടെ നിരവധി പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.




# താൽപ്പര്യപത്രം ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന വനിതശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കൊല്ലം, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ അതിജീവിതരായ പെൺകുട്ടികൾക്കായി എൻട്രി ഹോം പ്രവർത്തിപ്പിക്കുവാൻ താൽപ്പര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതികസാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. കുട്ടികളെ പാർപ്പിക്കുന്നതിനായി ജെ.ജെ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിലുള്ള കെട്ടിടം സ്വന്തമായുള്ള സംഘടനകൾക്ക് മുൻഗണന നൽകും. അപേക്ഷാഫോം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കെട്ടിടത്തിന്റെ പ്ലാൻ (ലഭ്യമാണെങ്കിൽ മാത്രം) തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ 30/06/2023ന് 5 മണിക്ക് മുമ്പായി സ്റ്റേറ്റ് കോഓർഡിനേറ്റർ, നിർഭയസെൽ, ഹൗസ് നം.40, ചെമ്പകനഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.wcd.kerala.gov.in.,
**ഫോൺ:** 04712331059,
mail Id: nirbhayacell@gmail. com.

# ക്രോമ പെരിന്തൽമണ്ണയിൽ പുതിയ സ്റ്റോർ തുറന്നു




**പെരിന്തൽമണ്ണ:** ക്രോമ പെരിന്തൽമണ്ണയിൽ പുതിയ സ്റ്റോർ ആരംഭിച്ചു. ബൈപാസ് ജങ്ക്ഷനിൽ മാൻഷ മാർട്ടിലുള്ള സ്റ്റോർ കമ്പനിയുടെ കേരളത്തിലെ ആറാമത്തെ സ്റ്റോറാണ്. നവീനമായ ഇലക്ട്രോണിക്സ്, ഹോം അപ്ലയൻസസുകളുടെ വിപുലമായ ശേഖരമാണ് ഇതിലൂടെ പട്ടണത്തിലെത്തുകയെന്ന് ക്രോമ സിഇഒ അവിജിത്ത് മിത്ര പറഞ്ഞു.രണ്ടു നിലകളിലായി ഒൻപതിനായിരം ചതുരശ്ര അടിയിലേറെയുള്ള പുതിയ ക്രോമ സ്റ്റോർ പെരിന്തൽമണ്ണ നിവാസികൾക്ക് അതുല്യമായ ഷോപിങ് അനുഭവങ്ങളാണു നൽകുക. ടിവി, സ്മാർട്ട് ഫോണുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, കൂളിങ് സംവിധാനങ്ങൾ, വീട്ടുപകരണങ്ങൾ, ഓഡിയോ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വിപുലമായ ഉൽപന്നങ്ങളുടെ ഏറ്റവും പുതിയ ശേഖരം ക്രോമ വിദഗ്ദ്ധരുടെ പിന്തുണ പ്രയോജനപ്പെടുത്തി വാങ്ങാനുള്ള അവസരമാണിവിടെ ഉപഭോക്താക്കൾക്കു ലഭിക്കുക. ക്രോമയുടെ വിൽപനാന്തര സേവനങ്ങളെ കുറിച്ച് അറിയാനും സ്റ്റോർ അസോസ്സിയേറ്റുകളിൽ നിന്ന് വിദഗ്ദ്ധ ഉപദേശം തേടാനും ഉപഭോക്താക്കൾക്ക് അവസരം ലഭിക്കും.ക്രോമ എത്തുന്നതോടെ പെരിന്തൽമണ്ണയിൽ കൺസ്യൂമർ ഇലക്ട്രോണിക്സ്, അപ്ലയൻസസ്, ഉപകരണങ്ങൾ തുടങ്ങിയ ഉൾപ്പെടെയുള്ളവയുടെ വിപുലമായ ശേഖരം ഒരു കുടക്കീഴിൽ ലഭ്യമാകും. ഷോപിങ് അനുഭവങ്ങൾ മെച്ചപ്പെടുത്തുക മാത്രമല്ല, പുതിയ തൊഴിൽ അവസരങ്ങളും സാങ്കേതികവിദ്യാ രംഗത്തെ ഉണർവും ഉൾപ്പെടെയുള്ളവയുടെ പിന്തുണയോടെ പ്രാദേശിക സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുകയും ചെയ്യുമെന്നും അവിജിത്ത് മിത്ര പറഞ്ഞു. തങ്ങളുടെ വിപുലമായ ഉൽപന്ന നിരയും അതുല്യമായ ഉപഭോക്തൃ സേവനങ്ങളും വഴി എല്ലാ ഇലക്ട്രോണിക്സ് ആവശ്യങ്ങൾക്കും വേണ്ടിയുള്ള കേന്ദ്രമായി സ്റ്റോറുകളും ക്രോമ ഡോട്ട് കോമും മാറ്റിയെടുക്കുക എന്നതാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.ക്രോമ പെരിന്തൽമണ്ണ സ്റ്റോർ എല്ലാ ദിവസവും രാവിലെ 11 മുതൽ രാത്രി ഒൻപതു വരെ പ്രവർത്തിക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663